ലക്കം 2
നവംബർ 2011

വചനം

ഇ-മാഗസിൻ

(റിയാദ് കെ.എം.സി.സി. മലപ്പുറം ജില്ലാ കമ്മറ്റി പ്രസിദ്ധീകരണം)



ലീഡേഴ്സ് റൈറ്റ്:

**സ്വയം അറിയുക
അഹന്ത വെടിയുക**

കെ.എൻ.എ. ഖാദർ എം.എൽ.എ.

**ഇ.ടി.യുമായി
അഭിമുഖം**

RIYADH KMCC MALAPPURAM DISTRICT COMMITTEE
Vachanam e magazine

വചനം

മാഗസിൻ സമിതി

കോ- ഓർഡിനേറ്റർ:
സയ്യിദ് അഷ്റഫ് തങ്ങൾ

എഡിറ്റർ:
അഷ്റഫ് പരതക്കാട്

അസി: എഡിറ്റേർസ്
സുലൈമാൻ ഊരകം
കെ.കെ. മുഹമ്മദ് സഈദ്

അംഗങ്ങൾ
സുബൈർ അരിമ്പ്ര
അബ്ബൂസ്സമദ് കൊടിഞ്ഞി
ശുഹൈബ് പനങ്ങാങ്ങര
പി.ടി. ഫിറോസ്
ബഷീർ ഇരുമ്പുഴി
അസീസ് വെങ്കിട്ട
നൗശാദ് കുനിയിൽ



താളുകളിൽ:

ലീഡേഴ്സ് റൈറ്റ്: 3
സ്വയം അറിയുക അഹന്ത വെടിയുക
കെ.എൻ.എ. ഖാദർ എം.എൽ.എ

ഇ.ടി.യുമായി അഭിമുഖം 4
കെ.കെ. മുഹമ്മദ് സഈദ്, റിയാദ്

ഗാനം 5
നെച്ചി വെട്ടത്തൂർ റിയാദ്

ലേഖനം 6
കാളപെറ്റു; നമുക്ക് കയറെടുക്കേണ്ടേ
SAM ബഷീർ, ഖത്തർ

ലേഖനം 8
മാപ്പിളപ്പാട്ട് അന്നും ഇന്നും
കെ.വി. അബൂട്ടി

ലേഖനം 10
ഹരിത ചരിതം-2
രായിൻകുട്ടി നീറാട്, ജിദ്ദ

കവിത 11
പ്രഭാകര ചരിതം അവസാന പർവ്വം
ഏഴ്കോൺ ജോയ് പ്രസാദ്, റിയാദ്

ലേഖനം 12
ശിഹാബ് തങ്ങൾ പ്രസക്തി, ദർശനം
ഷീബാ രാമചന്ദ്രൻ, റിയാദ്

കിസ്സ്.കോം 13
മാസ്റ്റർ അരിമ്പ്ര മുഹമ്മദ് അമീൻ, റിയാദ്

ആരോഗ്യം 14
തലവേദന
ഡോ. തോമസ്. ജെ. കൂട്ടുങ്കൻ

Poem: Life as Music 15
Ameen Chemben, Riyadh
കവിത: നിധിപോലെ നിലാവു പോലെ
സബീന എം.സാലി, അൽഖർജ്

INBOX 16
ചിത്ര രചന
ഫാരിഷാ ഫാസി കെ.

എഡിറ്റോറിയൽ

നമ്മുടെ പരദേശജീവിതത്തിൽ അറബ് രാജ്യങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. സിംഗപ്പൂരും മലായിലും ടാൻസാനിയയിലുമടക്കം നിരവധി രാജ്യങ്ങളിൽ പ്രവാസജീവിതം നയിച്ച മലയാളികൾ നാടിന്റെ സാമ്പത്തിക വളർച്ചക്കും സാമൂഹ്യ പുരോഗതിക്കും ഏറെ സംഭാവനകളർപ്പിച്ചു. നാല് പതിറ്റാണ്ടിലേറെ സ്വാധീനം ചെലുത്തിയ 'അറബ്' നാടുകളിലെ ജീവിതം നമ്മുടെ സാമ്പത്തിക മേഖലയെ മാത്രമല്ല സാംസ്കാരിക മേഖലയിലും വെളിച്ചം വീശിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഭിന്നമായി കേരളത്തിൽ കൂടുതൽ 'ഗൾഫ്' സ്വാധീനം നമുക്ക് ദർശിക്കാവുന്നതാണ്. അത്കൊണ്ട് തന്നെ 'മിഡിൽ ഈസ്റ്റ്' മേഖലയിലെ സ്പന്ദനങ്ങൾ നമ്മുടെ ജീവിത താളവുമായി അഭേദ്യബന്ധം പുലർത്തുന്നു.

പാരമ്പര്യ കൃഷിയിലും തൊഴിലിലും ഏർപ്പെട്ടിരുന്നവരുടെ തലമുറകൾ മാന്യമായി ജീവിക്കുന്നതിന്നു വേണ്ടിയാണ് മേഖലയിൽ തൊഴിൽ തേടി വന്നതെങ്കിലും പൂജ്യത്തിൽ നിന്ന് തുടങ്ങിയ ജീവിതം ആഢംബരത്തിനും ധൂർത്തിനും വഴി മാറുന്നതും, തന്മൂലം കാലം നൽകിയ കണ്ണീരിൽ ജീവിതം ഹോമിക്കപ്പെടുന്നതും നമുക്ക് പാഠമാണ്.

പ്രവാസികളുടെ ക്ഷേമത്തിന്വേണ്ടി വൈകിയാണെങ്കിലും സർക്കാർ നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയവും അഭിനന്ദനാർഹവുമാണ്. ഗൾഫ് മേഖലയിൽ സ്വദേശിവത്കരണത്തിന്റെ ശബ്ദങ്ങൾക്ക് പുതിയ രൂപവും ഭാവവും വന്നിരിക്കുന്നു. ഭാവനയാകുമെന്ന് നാം കരുതിയത് സത്യമായി രൂപാന്തരപ്പെടുമ്പോൾ പ്രവാസികുടുംബത്തിന്റെ പ്രതീക്ഷയിൽ നിരാശയുടെ കാർമേഘം പടർന്നിരിക്കുന്നു. വിദേശത്ത് ജീവിക്കുന്നവരുടെ കുടുംബമെന്ന വൃത്തത്തിനപ്പുറത്തേക്കും ഇതിന്റെ അനുരണനങ്ങൾ കടന്ന് ചെല്ലുമെന്നതിൽ സംശയിക്കേണ്ടതില്ല.

മത്സര ബുദ്ധിയോടെ നടത്തപ്പെടുന്ന സ്ഥാപനങ്ങൾ, നിത്യതൊഴിലുകാർ, വാണ്യജ്യമേഖല, ഖജനാവിന് ബലമേകുന്ന നികുതിപ്പണം തുടങ്ങിയ നിരവധി മേഖലകളിൽ മ്ലാനത പടർത്തും

ഗൾഫിന്റെ പൂർണ്ണാസ്തമയം വന്നിരിക്കുന്നു എന്ന വിലയിരുത്തലിനോട് യോജിക്കാൻ കഴിയില്ല. കാരണം, ഇവിടെ ഇപ്പോഴും തുറന്ന് വെക്കപ്പെട്ട നിരവധി മേഖലകളുണ്ട്, കാടടച്ച് വെടിവെക്കുന്നതിനപ്പുറം നഷ്ടപ്പെടുന്ന മേഖലകളെ പഠനവിധേയമാക്കി അവസരമൊരുക്കുന്ന മേഖലകൾക്കനുസൃതമായി പുതിയ തലമുറയെ നാം സജ്ജമാക്കിയിട്ടുണ്ടോ എന്ന് വിലയിരുത്തേണ്ടതുണ്ട്. നമ്മുടെ ആയുധം തുരുമ്പെടുക്കുമ്പോൾ സ്വയം തിരിച്ചറിഞ്ഞ് കാലാനുസൃതമായി അതിനെമൂർച്ചക്കൂട്ടേണ്ടതുണ്ട്. പഠിച്ചതൊന്നും മറക്കാതെയും, പുതിയതൊന്നും പഠിക്കാതെയും നാം ശീലിച്ചാൽ വരാനിരിക്കുന്ന തലമുറക്ക് ശുഭപ്രതീക്ഷ നൽകാനാവില്ല. നൂതനസാങ്കേതിക വിദ്യയും അതിനോടനുബന്ധിച്ച് പരിജ്ഞാനങ്ങളും നൽകാൻ സർക്കാറും സംഘടനകളും പ്രവാസികളും ശ്രമിക്കുകയാണെങ്കിൽ ഗൾഫ് മേഖലകളിൽ നമ്മുടെ ഭാവി ഭാസുരമാകും.



അഷ്റഫ് പരതക്കാട്
(എഡിറ്റർ)

ലീഡേഴ്സ് റൈറ്റ്

സ്വയം അറിയുക അഹന്ത വെടിയുക.

അഡ്വ: കെ.എൻ.എ. ഖാദർ എം.എൽ.എ.



മനുഷ്യ ജീവിതം വളരെ ചെറുതാണ്. സദാവികസിച്ചുകൊണ്ടിരിക്കുന്ന ഈ മഹാപ്രപഞ്ചം അതിരുകളില്ലാത്തതാണ്. അതിന്റെ ഏതോ കോണിൽ ഒരു കുഞ്ഞു ഗോളമാണ് ഭൂമി. ഇവിടെ ജനവാസം ചുരുങ്ങിയ സ്ഥലത്ത് മാത്രമെയുള്ളൂ. അധിക പ്രദേശവും സമുദ്രമാണ്. ബാക്കി വനവും മരുഭൂമിയും പിന്നെ, കട്ട പിടിച്ചു കിടക്കുന്ന മഞ്ഞും. ഈ ജീവിതം ദൈവത്തിന്റെ ദാനമായി നമുക്ക് ലഭിച്ചതാണ്. നമ്മുടെ ആഗ്രഹ പ്രകാരമല്ല. മനോഹരമായ ഈ ഭൂമിയും ആകാശവും നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും പൂനിലാവും ഉദയാസ്തമയങ്ങളും നദികളും പൂക്കളും കിളികളും താഴ്വരകളും ഗിരിശൃംഗങ്ങളും കാണാൻ നമുക്ക് കഴിഞ്ഞത് സൃഷ്ടാവിന്റെ അകമഴിഞ്ഞ കരുണയാലാണ്. നമ്മുടെ ശരീരം അതി സങ്കീർണ്ണമായ ഒരു യന്ത്രമാണ്. നാം ശരീരം മാത്രമല്ല. ആത്മാവ് കൂടിയാണ്. ജനനവും മരണവും പര്സപരം വേർപ്പെടുത്താനാവാത്ത പ്രതിഭാസങ്ങളാണ്. ജനിമൃതികൾക്കിടയിലെ ഇടവേളയെ നാം ജീവിതമെന്ന് വിളിക്കുന്നു. ആയുഷ്കാലം പ്രപഞ്ചത്തിന്റെ ആയുസ്സുമായി ബന്ധപ്പെടുത്തിയാൽ അതീവ നിസാരം. എങ്കിലും നാം അഹങ്കാരികളാണ്. സകല ആപത്തുകളുടെയും പ്രഭവ കേന്ദ്രം അഹങ്കാരമാണ്. കാമ ക്രോധ ലോഭ മോഹങ്ങളെയും അഹങ്കാരത്തെയും കീഴടക്കുവാൻ കഴിയുന്നവരാണ് വിജയി. ലോകം കീഴടക്കാൻ എളുപ്പമാണ്. സ്വന്തത്തെ കീഴടക്കുകയാണ് വേണ്ടത്. രാഷ്ട്രങ്ങളെ ഒന്നൊന്നായി കീഴടക്കിയ അലക്സാണ്ടർ ചക്രവർത്തി മരണാനന്തരം ശവപ്പെട്ടിയിൽ നിന്നും തന്റെ രണ്ടു കൈകളും പുറത്തേക്കിട്ടു വേണം ശ്മശാനത്തിലേക്ക് കൊണ്ടുപോവേണ്ടതെന്ന് ഒസിയത്ത് ചെയ്തിരുന്നുവത്രെ! ലോകം കീഴടക്കിയ താൻ വെറും കൈകളോടെ മടങ്ങുന്നുവെന്ന് സകലരും കാണട്ടെയെന്നാണ് അദ്ദേഹം പറഞ്ഞത്. അറിവും പാണ്ഡിത്യവും നേടിയാലും അഹങ്കാരം വെടിയാൻ കഴിഞ്ഞില്ലെങ്കിൽ കാര്യമില്ല. ആയിരം കാര്യങ്ങൾ ചിന്തിച്ചില്ലെങ്കിലും നാം ആലോചിക്കേണ്ടത് നമ്മെ കുറിച്ചു തന്നെയാണ്. ഓരോരുത്തരും ഞാൻ ആരാണെന്ന് സ്വയം ചോദിക്കണം. ശരീരം മാത്രമെ നശിക്കുകയുള്ളൂ. ആത്മാവ് അനശ്വരമാണ്. എല്ലാ മനുഷ്യരും ഓരോ ആത്മാക്കളാണെന്ന് സങ്കൽപ്പിച്ചാൽ നമുക്കിടയിൽ പിന്നെ ഭേദങ്ങളേയില്ല. പരസ്പരം മത്സരിക്കുകയും കലഹിക്കുകയും ചെയ്തിരുന്ന ആരും ഒന്നും നേടിയിട്ടില്ല. സമ്പത്തിന്റെയും പ്രതാപത്തിന്റെയും കൊടുമുടിയിൽ ജീവിച്ചവരും മഹാരാജാക്കൻമാരും പ്രമാണികരായ ഭരണാധികാരികളുമൊക്കെ മരിച്ചു മണ്ണടിഞ്ഞ് പോയ ഒരു ശവപറമ്പിൽ തന്നെയാണ് നമ്മളും കൂടുകെട്ടിയിട്ടുള്ളത്. അതേ വിധി നമ്മളെയും കാത്തിരിക്കുകയാണ്. സർവ്വ ശക്തനായ ദൈവം ഭൂമിയെയും വാനലോകങ്ങളെയും നശിപ്പിക്കുകയും പുതുക്കി പണിയുകയും ചെയ്യും. ബാഹ്യ ലോകത്തെ മാത്രം ദർശിക്കുകയും ഭൗതിക സമ്പത്ത് വാരിക്കൂട്ടുകയും ചെയ്യുന്ന മനുഷ്യൻ സ്വന്തം ഉള്ളിലേക്ക് കൂടി നോക്കണം. സ്വന്തം ഹൃദയവും മനസ്സും നിറയെ മാലിന്യങ്ങൾ അടിഞ്ഞു കൂടിയതിനാൽ നാം അകത്തോട്ട് നോക്കാൻ മടികാണിക്കുന്നു. അകമെ വ്യത്തിയാക്കാതെ പുറം വെടിപ്പാക്കുന്നതിൽ കാര്യമില്ല. സ്വന്തം ഉള്ളിൽ നിന്ന് തുടങ്ങുക, മറ്റുള്ളവരുടെ ഗുണം അന്വേഷിക്കുക, സ്വന്തം ഗുണമല്ല മറ്റുള്ളവരിൽ നിന്ന് നാം എന്ത് പ്രതീക്ഷിക്കുന്നുവോ അതാദ്യമേ അവർക്ക് നൽകുക. ദൈവ സ്മരണയിൽ പാപങ്ങൾ കരിയിച്ചു കളയുക. ●

അഭിമുഖം

റിയാദിലെത്തിയ മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി ഇ.ടി. മുഹമ്മദ് ബഷീർ എം.പി. യുമായി വചനം പ്രതിനിധി നടത്തിയ അഭിമുഖം



തയ്യാറാക്കിയത്



കെ.കെ. മുഹമ്മദ് സഈദ്
റിയാദ്

1. സ്വദേശി വൽക്കരണത്തിന്റെ ഭാഗമായി പ്രവാസികൾ തൊഴിൽ രഹിതരായി നാട്ടിലേക്ക് മടങ്ങുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ഏറ്റവും കൂടുതൽ പ്രവാസികളെ പ്രതിനിധാനം ചെയ്യുന്ന സംഘടന എന്ന നിലക്ക് മുസ്‌ലിം ലീഗിന്റെ നിലപാടെന്താണ് ?

ഉ. ആഭ്യന്തര വൽക്കരണത്തിന്റെ ഭാഗമായി വിദ്യാസമ്പന്നരായ സ്വദേശികൾക്ക് ജോലി നൽകുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. അതിന് Saudi Govt.നെകുറ്റപ്പെടുത്താവുന്നതല്ല. തൊഴിൽ രഹിതരായി നാട്ടിലേക്ക് മടങ്ങുന്നവർക്കായുള്ള പുനരധിവാസ പാക്കേജിനായി ചർച്ച നടക്കുകയാണ്. ഇത്തരമാളുകളുടെ കൃത്യമായ കണക്കെടുത്ത് അവരുടെ പുനരധിവാസ പദ്ധതിക്കായി പാർലമെന്റിലും നിയമസഭയിലും മുസ്‌ലിം ലീഗ് സമ്മർദ്ദം ചെലുത്തുകയും അതിന്റെ നടപടികൾക്കായി നേതൃത്വം നൽകുകയും ചെയ്യും.

2. കെ.എം.സി.സിക്ക് പുതിയ ഭരണഘടനനിലവിൽ വന്നു എന്നറിഞ്ഞു. ഇത് കെ.എം.സി.സിക്കുള്ള അംഗീകാരമായി കരുതാമോ?

ഉ. തീർച്ചയായും മുസ്‌ലിം ലീഗിന്റെ പ്രവർത്തനങ്ങളുടെ നട്ടെല്ലാണ് കെ.എം.സി.സി. നാട്ടിൽ നടപ്പാക്കുന്ന സാമൂഹിക ജനക്ഷേമ പരിപാടികളുടെ ചുക്കാൻപിടിക്കുന്ന കെ.എം.സി.സിയെ സംഘടനയുടെ ഭാഗമാക്കുകയും അർഹമായ അംഗീകാരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇനിയും അർഹിക്കുന്ന പ്രാതിനിധ്യങ്ങൾ നൽകുകയും ചെയ്യും.

3. പെട്രോളിന്റെ വില വർദ്ധനവ് സാധാരണക്കാരിൽ വലിയ ആശങ്ക സൃഷ്ടിക്കുന്നു. UPA ഘടക കക്ഷി നേതാവായ മമത ബാനർജി അവരുടെ നിലപാട് വ്യക്തമാക്കി. എന്താണ് ഈ വിഷയത്തിൽ മുസ്‌ലിം ലീഗിന്റെ കാഴ്ചപാട് ?

ഉ. മുസ്‌ലിം ലീഗിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. പെട്രോളിയം ഉത്പന്നങ്ങളുടെ വില തീരുമാനിക്കാൻ കമ്പനികളെ ഏൽപ്പിച്ച നയം പിൻവലിച്ച് ഗവൺമെന്റ് കൺട്രോൾ വീണ്ടും ഏർപ്പെടുത്തേണ്ടതാണ്. പക്ഷെ, പെട്രോൾ വാങ്ങുന്ന വിലയും കൺസ്യൂമർക്ക് കിട്ടുന്ന വിലയും തമ്മിലുള്ള അന്തരം നികത്താൻ സബ്സിഡി ഏർപ്പെടുത്തിയാൽ അവസാനം അത് നികുതിദായകരെ മോശമായ രീതിയിൽ ബാധിക്കും. അത് സത്യമാണ്, അത് കണ്ടില്ലെന്ന് നടിക്കാനാവില്ല. സാമ്പത്തിക മാന്ദ്യത ബാധിക്കാത്ത രാഷ്ട്രമാണ് ഇന്ത്യ. ഇത് സർക്കാരിന്റെ നിലപാടുകളെ ശരിവെക്കുന്നു.

4. ഇന്ത്യാവിഷൻ ചാനലിനെതിരെ മുസ്‌ലിംലീഗ് നിയമ നടപടികൾക്കൊരുങ്ങുകയാണ്. എന്നാൽ നല്ലൊരു വിഭാഗം ഓഹരി ഉടമകളും കെ.എം.സി.സി. പ്രവർത്തകരാണ്. അവരുടെ ഓഹരി പിൻവലിക്കാൻ പാർട്ടി നിർദ്ദേശമുണ്ടോ?

ഉ. ഞങ്ങൾ തീരുമാനിച്ചിട്ടില്ല. കാരണം, കമ്പനി പ്രകാരമുള്ള നിയമപരമായ കാര്യങ്ങളാണ്. ഓഹരി ഉടമകളാണ് ഇത്തരം കാര്യങ്ങൾ തീരുമാനിക്കേണ്ടത്. പാർട്ടിയെ അപകീർത്തിപ്പെടുത്തിയതിനു നിയമനടപടികൾ സ്വീകരിക്കുക എന്നതാണ് നമുക്ക് എടുക്കാൻ പറ്റുന്ന തീരുമാനങ്ങൾ. ആ നടപടികൾ നടന്നുകൊണ്ടിരിക്കയാണ്.

5. അറബിക് സർവകലാശാല മലബാറിന്റെ സ്വപ്നമാണ്. മലയാളം, സംസ്കൃതം സർവകലാശാലകൾ നിലവിൽ വന്ന സാഹചര്യത്തിൽ അറബിക് സർവകലാശാല ഉടൻ പ്രതക്ഷിക്കാമോ?

ഉ. അറബിക് സർവകലാശാല തീർച്ചയായും ഉണ്ടാകേണ്ടതുണ്ട്. ഇംഗ്ലീഷിന്റെ കൂടെ ലോകത്തെ ഏറ്റവും വലിയ വ്യാപാര ഭാഷയായി ഒന്നാംസ്ഥാനം അറബി കൈവരിച്ചിട്ടുണ്ട്. സമീപ ഭാവിയിൽ മാനവ വിഭവശേഷിക്ക് കൂടുതൽ പ്രാധാന്യമുള്ള മേഖല

യായി അറബി മാറിയിട്ടുണ്ട്. മെഡിക്കൽ, ട്രാൻസ്‌ലേഷൻ മേഖലകളിൽ അറബിയിലും ഇംഗ്ലീഷിലും പാണ്ഡിത്യമുള്ളവർക്ക് ഒട്ടനവധി സാധ്യതകൾ ഉണ്ട്. മലയാളം, സംസ്കൃതം സർവകലാശാലകൾക്ക് നേരത്തെ ഒരു പശ്ചാതലമുണ്ടായിരുന്നു. മലയാളം സർവകലാശാലക്ക് ഒരുകോടി രൂപ നേരത്തെ അനുവദിച്ച ഫണ്ട് ഉണ്ടായിരുന്നു.

6. മലബാർ മേഖലയിൽ വിദ്യാഭ്യാസ പ്രതിസന്ധികളും തുടരുകയാണ്. ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് സീറ്റുകൾ നാമമാത്രമാണ്. ഈ ഗവൺമെന്റിന്റെ കാലത്തെങ്കിലും ഇനിയൊരു പരിഹാരം പ്രതീക്ഷിക്കാമോ?

ഉ. നിങ്ങൾ പറഞ്ഞത് ശരിയല്ല. ഡിഗ്രി, പി.ജി. തലങ്ങളിൽ ആവശ്യമായ സീറ്റുകളുണ്ട്. ഇപ്പോൾ നടക്കുന്ന പ്രതിസന്ധി പ്ലസ്ടുവിലാണ്. അത് ഏറെക്കുറെ പരിഹരിച്ചു വരികയാണ്. ഇപ്പോൾ ഒരുപാട് സീറ്റുകൾ നൽകി. ഇനിയും നൽകും. എഞ്ചിനീയറിംഗ് തലങ്ങളിൽ ധാരാളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. പി.ജി.ക്ക് കുറച്ച് കൂടെ സീറ്റുകൾ ആവശ്യമാണ്. തീർച്ചയായും അത് പാർട്ടിയുടെയും സർക്കാരിന്റെയും സജീവ പരിഗണനയിലുണ്ട്.

7. Technical, Refinery മേഖലകളിൽ ധാരാളം അവസരങ്ങൾ ജി.സി.യിലുൾപ്പെടെയുണ്ട്. ഇത്തരം അവസരങ്ങളെക്കുറിച്ച് അവബോധം നൽകാൻ മുസ്‌ലിം ലീഗിന് നേതൃത്വം വഹിച്ചുകൂടെ ?

ഉ. Petro Chemical മേഖലയിലേക്ക് ആവശ്യമായ Man power ഉണ്ടാക്കുന്നതിന് Course കളുടെ വൈവിധ്യം അത്യാവശ്യമാണ്. നമ്മുടെ സ്ഥാപനങ്ങളിൽ അതില്ല. Cusat പോലെയുള്ള സർവകലാശാലകൾ നമുക്കുണ്ടെങ്കിലും പര്യാപ്തമായ Course കൾ നമുക്കില്ല. തൊഴിൽ സാധ്യതയുള്ള Course കൾ സൃഷ്ടിക്കുന്നതിന് നമ്മൾ കൂടുതൽ പ്രാമുഖ്യം നൽകണം. അതിനായി വിദ്യാഭ്യാസ വകുപ്പ് മുൻകയ്യെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

8. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി പാർട്ടിക്ക് ഇപ്പോൾ രണ്ട് ജനറൽ സെക്രട്ടറിമാരുണ്ട്. ഇത് പാർട്ടിയുടെ അനായാസമായ പ്രവർത്തനത്തിന് ഏത് വിധത്തിൽ സഹായിക്കുന്നു.?

ഉ) പാർട്ടിയുടെ പ്രവർത്തനങ്ങൾ അനായാസമാക്കാനും സുതാര്യമാക്കാനുമാണ് രണ്ട് ജനറൽസെക്രട്ടറിമാർ വന്നത്. പാർട്ടിക്ക് വലിയ അജണ്ടകളുണ്ട് സാമൂഹിക, ജീവകാരുണ്യ രംഗത്ത് അജണ്ടകളുണ്ട്. എല്ലാ ആശുപത്രികളിലും സി.എച്ച്. സെന്റർ തുടങ്ങാനും ശിഹാബ് തങ്ങൾ റിലീഫ് സെൽ കാര്യക്ഷമമാക്കാനും പാർട്ടി തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യയിലെ തന്നെ മറ്റൊരു രാഷ്ട്രീയ പാർട്ടികളും സ്വീകരിക്കാത്ത അജണ്ടകളാണിവ.

പാർട്ടിയുടെ മീഡിയ, ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം എനിക്കും സംഘടന ഭരണകാര്യങ്ങൾ തുടങ്ങിയവയുടെ ഉത്തരവാദിത്വം മജീദ് സാഹിബിനുമാണ്. ●





രചന:
നെച്ചി വെട്ടത്തൂർ റിയാദ്

ഗാനം

നവംബർ 1 മലപ്പുറം ജില്ല

മലയാള സാഹിതി പുകിൽ പെറ്റനാട്
കേരള ചരിതം ജ്വലിക്കുന്ന നാട്
വൈദേശികപ്പടയോട് ചുടുചോരചിന്തിയ
മലപ്പുറം ശുഹദാക്കളുറങ്ങുന്ന നാട് (2)
(മലയാള സാഹിതി)

എത്ര ഉഷസ്സിന്റെ ജ്വാല ഭൂവിൽപ്പതിഞ്ഞു
എത്ര മഹാരഥന്മാർ രക്തമുതിർത്തു
ഒരു പിടി മണ്ണിനായ് നെഞ്ച് പിളർത്തു
സ്വാതന്ത്ര്യം നമുക്കേകി മണ്ണിൽ മറഞ്ഞു (2)
(മലയാള സാഹിതി)

ഭക്തകവി പൂന്താനം സുകൃതം പാടി
കവി മോയിൻ മാപ്പിള ഇശലേറെ തൂവി
മലബാറിലെ സയ്യിദുമാർ പിന്തുണയേകി
ഇവർ ചേർന്നൊരു നവമലബാർ രൂപം നൽകി(2)
(മലയാള സാഹിതി)

മലപ്പുറം മഹിമ പാടും മതേതരത്വം
സാംസ്കാരിക കവികൾ പാടുമീ ചരിത്രം
ചിന്താതെ കാത്തിടുമനുഭാവ പൂരിതം
മലതിങ്ങിയനാട് കാണാൻ വാ സ്വാഗതം (2)
(മലയാള സാഹിതി)

ലേഖനം



കാളപെറ്റു; നമുക്കു കയറെടുക്കേണ്ടേ?

SAM ബഷീർ, ഖത്തർ
(ഖത്തർ കെഎം.സി.സി സെക്രട്ടറിയേറ്റ് മെമ്പർ)

കാളപെറ്റെന്ന് കേൾക്കുമ്പോഴേക്കും കയറെടുക്കാനും കന്നിനെ കെട്ടിയിടാൻ ബലമുള്ള കുറ്റിയടിക്കാനും തൊഴുത്ത് വൃത്തിയാക്കാനും പരക്കം പായുന്നവരെപ്പോലെ കേൾക്കുന്നതെന്തും വാർത്തയാക്കാനുള്ള നെട്ടോട്ടത്തിലാണ് സമകാലിക വാർത്താമാധ്യമ ലോകം ഏർപ്പെട്ടിരിക്കുന്നത്.

മിടുക്കന്മാരുടെ അതിജീവനത്തിനുവേണ്ടിയുള്ള ഈ പോരാട്ടത്തിൽ മാധ്യമ ധർമ്മവും സംസ്കാരവും മച്ചിൻപുറത്ത് ഭദ്രമായി കെട്ടിവെച്ച് സംഭ്രമാത്മക മാധ്യമ പ്രവർത്തനത്തിന്റെ നവസാധ്യതകൾ പരീക്ഷിക്കപ്പെടുകയാണിന്ന്. ഇതിന്റെ അനിവാര്യമായ പരിണിതി മാസ് മീഡിയയും മാസ് റിയാലിറ്റിയും തമ്മിൽ വരുന്ന വലിയ അന്തരമാണ്. പ്രസക്തങ്ങൾ അപ്രസക്തങ്ങളാവുകയും പ്രധാനങ്ങൾ അപ്രധാനങ്ങളാവുകയും അപ്രസക്തങ്ങൾ പ്രസക്തങ്ങളാവുകയും അപ്രധാനങ്ങൾ പ്രധാനങ്ങളാവുകയും ചെയ്യുന്ന മായാജാലക്കാഴ്ചകളാണെങ്ങും.

ഈ മറിമായങ്ങൾക്കിടയിലും പലപ്പോഴും യഥാർത്ഥ വസ്തുതകൾ തമസ്കൃതമാകുന്നു. ഒരു വാർത്തയുടെ നിജസ്ഥിതി അറിയാൻ ആഗ്രഹിക്കുന്നവർ ഒന്നിലേറെ വാർത്താമാധ്യമങ്ങൾ കാണുകയോ, കേൾക്കുകയോ, വായിക്കുകയോ ചെയ്യേണ്ടി വരുന്ന ദുരവസ്ഥ. എന്നാൽപോലും വസ്തുത ഇതായിരിക്കാം എന്ന് അനുമാനിക്കാൻ മാത്രമേ കഴിയുന്നുള്ളൂ. അതിജീവനത്തിനുവേണ്ടിയുള്ള ഈ ഭീകര മത്സരത്തിൽ മേൽക്കൈ നേടാനുള്ള നെട്ടോട്ടങ്ങൾക്കിടയിലാണ് മാധ്യമ ലോകം ഇന്ന്. "ആശയപ്രചോദിതം" എന്നത് കാലപ്പഴക്കത്താൽ തേയ്മാനം വന്ന ഒരു വാക്കു മാത്രമായി മാറുകയും ആമാശയ ചോദനകൾ സർവ്വാധിപത്യം നേടുകയും ചെയ്യുന്നു.

മാനവസമൂഹത്തിന്റെ ആർജ്ജിത സംസ്കൃതിയുടെ ദീപ്തവും സുതാര്യവുമായ മുഖം ആകേണ്ട മാധ്യമ ലോകം ആശയങ്ങളുടെയും അഭിപ്രായരൂപീകരണങ്ങളുടെയും സ്രോതസ്സ് ആകുന്നതിന് പകരം ഇന്ന് മൂല്യങ്ങൾ നഷ്ടപ്പെട്ട് ജീർണ്ണിക്കുകയാണ്. നിർഭാഗ്യവശാൽ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലാണ് ഇത്തരം നവജാത ജീർണ്ണ പ്രവണതകൾ കൂടുതലായും കാണുന്നത്. വാർത്തകളുടെ നിജസ്ഥിതിക്കും സത്യസന്ധതക്കുംമേലെ, പ്രേക്ഷകരുടെ അഭിരുചികൾക്ക് പ്രാമുഖ്യം നൽകുന്ന ഈ പ്രവണത അപകടകരമാം വിധം വളർന്നുവരുന്നു. ചെറിയ ചില കണക്കുകൾ ഈ അപകടസാധ്യതയുടെ ഭീകരത നമ്മേ ബോധ്യപ്പെടുത്തും. കേരളത്തിലെ മൂന്നുകോടി ജനങ്ങൾക്ക് മേലെ, ഇപ്പോൾ പെയ്തിറങ്ങുന്നത് 22 ചാനലുകളാണ്. വാർത്തകളും പരിപാടികളും ആത്മീയ പ്രഭാഷണങ്ങളുമൊക്കെ ഇവയിൽ നിന്നും പ്രസരിക്കപ്പെട്ട് കൊണ്ടിരിക്കുന്നു. ഇനി പെയ്യാൻ മൂടികെട്ടി നിൽക്കുന്നത് 12 ചാനലുകൾ. അങ്ങനെ മൂന്ന് കോടി ജനങ്ങൾക്ക് 34 ചാനലുകൾ.

നമ്മുടെ തൊട്ടയൽപക്കമായ തമിഴ്നാട്ടിലെ ഏഴരക്കോടി ജനങ്ങൾക്ക് 42 ചാനലുകൾ നിലവിലുണ്ട്. വേറെ അഞ്ചെണ്ണം പെയ്തിറങ്ങാൻ തയ്യാറായി നിൽക്കുന്നു. ഇതിനുപുറമെ ശ്രീലങ്ക, മലേഷ്യ, കാനഡ തുടങ്ങിയ വിദേശ രാജ്യങ്ങളിലും ഇവർക്ക് അസംഖ്യം ചാനലുകളുണ്ട്.

കർണ്ണാടകത്തിലെ അഞ്ചേകാൽകോടി ജനങ്ങൾക്ക് 21 ചാനലുകളാണ് നിലവിലുള്ളത്. പതിനൊന്ന് ചാനലുകൾ ഉടൻ ആരംഭിക്കുന്നു. ഏഴരക്കോടിയിലധികം വരുന്ന ആന്ധ്രക്കാർക്ക് 35 ചാനലുകളും ഹിന്ദി-ഉർദു ഭാഷകളിൽ 100ലേറെ ചാനലുകളും ഉണ്ട്.

ഇങ്ങനെ 2010ലെ കണക്കനുസരിച്ച് 515 ചാനലുകൾ ഇന്ത്യയിൽ നിലവിലുണ്ട്. 2011 അവസാനമാകുമ്പോഴേക്കും 750 ഓളം ചാനലുകൾ തരംഗങ്ങൾ തീർക്കും നമ്മുടെ ഇന്ത്യയിൽ. ഇതിനൊക്കെപ്പുറമെ അസംഖ്യം കേബിൾ പ്രാദേശിക ചാനലുകളും വേറെയും. പതിനഞ്ച് കോടിയിലധികം ടി.വി. സെറ്റുകളാണ് ഇന്ത്യയിലുള്ളത് എന്ന് കണക്കാക്കപ്പെടുന്നു.

1962ൽ ഇന്ത്യയിലൊട്ടാകെ 41 ടെലിവിഷനുകളും ഒരേയൊരു സ്റ്റേഷനും മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നോർക്കുമ്പോഴാണ് ഈ കുതിച്ചു ചാട്ടത്തിന്റെ തോത് മനസ്സിലാവുക.

2009-ലെ കണക്കനുസരിച്ച് 1400 ടി.വി. സ്റ്റേഷനുകളോടെ ലോകത്ത് നാലാം സ്ഥാനത്ത് നിൽക്കുകയാണ് ഇന്ത്യ. ടെലിവിഷൻ റേഡിയോ, സിനിമ, പത്രങ്ങൾ, വാരിക, മാസികകൾ, നോട്ടീസുകളും പോസ്റ്ററുകളും ബാനറുകളും ഇവയൊക്കെയാണല്ലോ സാധാരണ വാർത്താമാധ്യമങ്ങളായി കണക്കാക്കപ്പെടുന്നത്. ഇന്റർനെറ്റ് വെബ്സൈറ്റുകളും ബ്ലോഗുകളും ഇ-മെയിലുകളും വെബ് ടിവികൾ എന്നിവയൊക്കെ മാധ്യമ രംഗത്തെ നവാഗതരായി രംഗത്തുവന്നിരിക്കുന്നു.

ദൃശ്യ, ശ്രാവ്യ, ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ കടന്നുകയറ്റത്തിൽ മേൽക്കൈ നഷ്ടപ്പെട്ട് പിടിച്ചു നിൽക്കാൻ തത്രപ്പെടുകയാണിന്ന് അച്ചടി മാധ്യമങ്ങൾ.

ഇന്ത്യയിലെ ആദ്യത്തെ പത്രം ഇറങ്ങിയത് 1780ലാണ്. ബ്രിട്ടീഷുകാർ അച്ചടിച്ചിറക്കിയ ബംഗാൾ ഗസറ്റാണിത്. റേഡിയോ പ്രക്ഷേപണം 1927ലും സിനിമ 1895ലും ടി.വി. 1959ലും ആരംഭിച്ചു.

2007ലെ കണക്കനുസരിച്ച് ദിനംപ്രതി ഇന്ത്യയിൽ 10 കോടി വാർത്താപത്രങ്ങൾ വിൽക്കപ്പെടുന്നുണ്ടത്രെ!

മാധ്യമരംഗത്തെ സജീവവും ചടുലവുമാക്കി നിലനിർത്തുന്നത് പ്രധാനമായും അഞ്ചുകാര്യങ്ങളാണ്.

1. വാർത്താ സ്രോതസ്സുകൾ
2. ലേഖകർ മുതൽ പത്രാധിപർ വരെയുള്ള പത്രപ്രവർത്തകർ
3. പ്രേക്ഷകർ, ശ്രോതാക്കൾ, വായനക്കാർ
4. ഉടമകൾ
5. പരസ്യദാതാക്കൾ

ഇതിൽ പരസ്യം എന്നത് മാധ്യമരംഗത്ത് ഒഴിച്ചുകൂടാനാവാത്ത തിന്മയാണ്. ഈ അനിവാര്യതിന്മയാണ് പ്രേക്ഷകരുടെ അഭിരുചി കഴിഞ്ഞാൽ മാധ്യമ ലോകത്തെ നിയന്ത്രിക്കുന്നത്.

അച്ചടി മാധ്യമങ്ങളുടെ പകുതിയോളം വരുമാനം പരസ്യമാണെങ്കിൽ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ ഏതാണ്ട് പൂർണ്ണമായും പരസ്യദാതാക്കളെ ആശ്രയിച്ചിരിക്കുന്നു. ഈ ആശ്രയത്വമാണ് മാധ്യമലോകത്തെ മൂല്യച്യുതിക്ക് വലിയൊരു കാരണം. ഏതാണ്ട് ഒട്ടുമിക്ക പത്രപ്രവർത്തകരും ആഗ്രഹിക്കുന്നത് നിർഭയമായും സത്യസന്ധമായും അതിക്രമങ്ങൾക്കും അനാചാരങ്ങൾക്കും അഴിമതിക്കും സാമൂഹ്യതിന്മകൾക്കുമെതിരെ പോരാടണം എന്നു തന്നെയാണ്. പക്ഷെ, നിലവിലുള്ള സാഹചര്യത്തിൽ അവർക്ക് അതിന് കഴിയുന്നില്ല. കേരളത്തിൽ സമീപകാലത്ത് ഏറെ വിവാദമുയർത്തിയ ഓൺലൈൻ ഒറ്റനമ്പർ ലോട്ടറികളും വശീകരണയന്ത്രവും ധനയന്ത്രവും ലൈംഗിക ഉത്തേജക മരുന്നുകളും ടെലിമാർക്കറ്റിംഗ് ഉൽപ്പന്നങ്ങളുമൊക്കെ ഈ പരസ്യ ദാതാക്കളുടെ ശൃംഖലയിൽപെടുന്ന സാമൂഹ്യതിന്മകളാണ്. പക്ഷെ, മാധ്യമലോകത്തിന് ഈ തിന്മകളെ നിരാകരിക്കാൻ കഴിയുന്നില്ല എന്നു മാത്രമല്ല പ്രോത്സാഹിപ്പിക്കേണ്ടിയും വരുന്നു. ഘനാന്ധകാരത്തിലെ രജതരേഖപോലെ ഇത്തരം തിന്മകളെ പ്രോത്സാഹിപ്പിക്കാത്ത അപൂർവ്വം ചില മാധ്യമങ്ങൾ ഉണ്ട് എന്ന കാര്യവും എടുത്തുപറയേണ്ടതാണ്. ഒരു മാധ്യമസ്ഥാപനത്തെ പരസ്യങ്ങൾ നൽകാതെ ഉണക്കിയും ഞെരുക്കിയും കൊല്ലാനും ധാരാളം പരസ്യങ്ങൾ നൽകി പുഷ്ടിപ്പെടുത്താനും കഴിവുള്ളവരായി പരസ്യദാതാക്കൾ മാറിയിരിക്കുന്നു. സംഹാരത്തിന്റെയും സംരക്ഷണത്തിന്റെയും ഉഗ്രമൂർത്തികളാണിന്ന് പരസ്യദാതാക്കൾ.

മറുഭാഗത്താണെങ്കിൽ അന്യന്റെ വളർച്ചയിൽ സദാ അസൂയാലുക്കളായ അന്യരുടെ കുളിമുറിയിലും കിടപ്പറകളിലും ഒളിഞ്ഞുനോക്കി ആത്മരതിയിലൂടെ നിർവൃതികൊള്ളുന്ന ഒരു പ്രേക്ഷകസമൂഹം വളർന്നുവരുന്നു. മടിയന്മാരും സുഖിയന്മാരുമായ ഈ കപടസദാചാരവാദികൾ സ്വന്തം വീടുകളുടെ അകത്തളങ്ങൾ നൽകുന്ന സുരക്ഷിതത്വത്തിന്റെ സ്വാസ്ഥ്യത്തിൽ റിമോട്ട് കൺട്രോൾ കൈയിൽ പിടിച്ച് ചാനലുകൾ മാറ്റി മാറ്റി മനശ്ശാസ്ത്ര മർമ്മങ്ങളെ തൊട്ടുണർത്തി ആത്മരതിസുഖം നൽകുന്ന വാർത്തകളിലും വിനോദ പരിപാടികളിലും മുഴുകുന്നു. ഇത്തരക്കാരാണ് ടെലിവിഷൻ ചാനൽ നിരക്കിന്റെ തോത് കൂട്ടുന്നത്.

ഇവരുടെ നായകർ ജെസിബിയുടെയും കയ്യാമത്തിന്റെയും ബ്രാൻഡ് അംബാസഡർമാരായി മാറുന്നു. സമൂഹത്തിനുവേണ്ടി എന്തു ചെയ്തു എന്നതിലല്ല; പല തരം ഗിമ്മിക്കുകളിലൂടെ തങ്ങളുടെ മനശ്ശാസ്ത്ര മർമ്മങ്ങളെ തൊട്ടുണർത്തി നിർവൃതി പകർന്നു തന്നു എന്നതിലാണ് ഇത്തരം നായക സങ്കൽപങ്ങളുടെ പൂർണത കൈവരുന്നത്.

അന്യന്റെ വീഴ്ചകളെയും താഴ്ചകളെയും ആഘോഷമാക്കി മാറ്റുന്ന അസൂയാലുക്കളുടെ ഈ വിപരീത കാഴ്ചപ്പാടുകളും സമീപനങ്ങളു അഭിരുചികളും തന്നെയാണ് മാധ്യമ പ്രവർത്തകർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളിലൊന്ന്.

ഇത്തരം പ്രേക്ഷകരെയും ശ്രോതാക്കളെയും വായനക്കാരെയും തങ്ങളുടെ വരുതിയിലാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് സംഭ്രമാത്മക പത്രപ്രവർത്തനം (സെൻസേഷണൽ ജേണലിസം) വേര് പിടിക്കുന്നത്. വാർത്താ ഉപഭോക്താക്കളുടെ മനഃശാസ്ത്ര മർമ്മങ്ങളെ തൊട്ടുണർത്താൻ ഏറ്റവും പറ്റിയ വിഭവങ്ങൾ കുറ്റ കൃത്യങ്ങളും രാഷ്ട്രീയവുമാണെന്ന തിരിച്ചറിവ് സംഭ്രമാത്മക പത്രപ്രവർത്തനങ്ങൾക്ക് പുതിയ മാനം നേടാൻ മാധ്യമ പ്രവർത്തകരെ നിർബന്ധിതരാക്കുന്നു.

രാഷ്ട്രീയ പൊതുപ്രവർത്തകരെ സംബന്ധിച്ചിടത്തോളം മാധ്യമ പ്രതിച്ഛായ നിർണ്ണായകമാണ്. ഒരാളിന്റെ കഴിവുകളല്ല ആശയങ്ങളും ക്രിയാത്മക സംഭാവനകളുമല്ല മേൽ പറഞ്ഞ ഉപഭോക്തൃ സമൂഹത്തിന് പഥ്യം. അതിലവർക്ക് താൽപര്യവുമില്ല. അപ്പോൾ ഇത്തരം പൊതുവ്യക്തിത്വങ്ങളുടെ സ്വകാര്യ ജീവിതത്തിലെ അപഭ്രംശങ്ങളിലേക്ക് കടന്നു ചെല്ലാൻ മാധ്യമപ്രവർത്തകർ നിർബന്ധിതരാവുകയാണ്.

അങ്ങനെ വരുമ്പോഴും പ്രശ്നാധിഷ്ഠിത രാഷ്ട്രീയ വിഷയങ്ങളിൽ മേലുള്ള സംവാദങ്ങളും കേവലം ഉപരിവിപ്ലവങ്ങളും ഫലപ്രദമല്ലാത്തതുമായി തീരുന്നു. വിവാദ വിഷയങ്ങൾ പരാമർശിക്കാൻ തന്നെ പൊതു വ്യക്തിത്വങ്ങൽ ഭയപ്പെടുന്നു. നായകൻ വില്ലനും വില്ലൻ നായകനുമാകുന്ന കാഴ്ചകൾ നാം നിത്യേനയെന്നോളം കാണുന്നു. ഒരാളുടെ കഴിവുകളല്ല അയാളുടെ ദൗർബല്യങ്ങളാണ് പൊതുരംഗത്ത് ചർച്ച ചെയ്യപ്പെടുന്നത് എന്നത് എന്തുമാത്രം നിർഭാഗ്യകരമാണ്.

ഇതിനൊരു മറുവശമുണ്ട് എന്നത് മറക്കുന്നില്ല. പൊതുരംഗത്ത് പ്രവർത്തിക്കുന്നവർ മാതൃകായോഗ്യരായ വ്യക്തികളായിരിക്കണം എന്നത് സാമാന്യതത്വമാണ്. ഇത്തരം വിമർശനങ്ങൾ പൊതുരംഗം വിമലീകരിക്കുകയും നേതാക്കളെ നേർവഴിക്ക് നയിക്കുകയും ചെയ്യുമെന്ന വസ്തുത മറന്നുകൊണ്ടല്ല ഇത് പറയുന്നത്. അമിതമായ അക്രമണോത്സുകതയെക്കുറിച്ചാണ് ഈ ലേഖകന്റെ ഉത്കണ്ഠ.

തെരഞ്ഞെടുപ്പുകളിൽപോലും മനഃശാസ്ത്ര മർമ്മങ്ങൾ തൊട്ടുള്ള ഇക്കിളി പ്രചരണങ്ങൾക്കാണ് പ്രാമുഖ്യം. ഇക്കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പ് തന്നെ മികച്ച ഉദാഹരണം. ഇന്ത്യയിലെ ഗുരുതരമായ സാമൂഹ്യ പ്രശ്നങ്ങൾ

തുടർച്ച പേജ് 9 ൽ

ലേഖനം

മാപ്പിളപ്പാട്ട് അന്നും ഇന്നും



കെ.വി. അബൂട്ടി

പുരാതനകാലം മുതൽ കച്ചവടാവശ്യങ്ങൾക്കായും പിൽക്കാലത്ത് ഇസ്ലാമിക പ്രചരണത്തിനായും അറബികൾ കേരളത്തിൽ വന്നിരുന്നു. അവരുമായുള്ള സമ്പർക്കം വഴി മലബാറിലെ മുസ്ലിംകളിൽ ഉരിത്തിരിഞ്ഞ് വന്ന ഒരു ഭാഷയാണ് അറബി മലയാളം. മലയാള മൊഴികൾ അറബി ലിപിയിലെഴുതുന്ന വിധമാണ് ഈ ഭാഷാ ഘടന. അറബികൾ ചെന്നെത്തിയേടത്തൊക്കെ തദ്ദേശിയരുമായുള്ള ഇടപഴക്കത്തിനുതകും വിധത്തിൽ ഇത്തരം മിശ്ര ഭാഷാരീതി ഉടലെടുത്തിരുന്നു. അറബി തമിഴും അറബി കന്നടയും ഇതിന് ഉദാഹരണങ്ങളാണ്.

മാപ്പിള മലയാളം എന്ന പേരിലും അറബി മലയാളം അറിയപ്പെട്ടിരുന്നു. മാപ്പിളമാരുടെ സാമൂഹ്യ വ്യവഹാരങ്ങളിൽ ഈ ഭാഷക്കുണ്ടായിരുന്ന സ്വാധീനശക്തിയാവാം ഇത്തരത്തിൽ അറിയപ്പെടാൻ കാരണം. വിദ്യാഭ്യാസ പരമായി പൊതുവെ പിന്നിലായിരുന്ന അന്നത്തെ മാപ്പിളമാരിൽ മത നിയമങ്ങളും വിശ്വാസാചാരങ്ങളും പഠിക്കാനുതകും വിധത്തിലാണ് അറബി മലയാളത്തിലെ ആദ്യകാല രചനകൾ.

ഗദ്യവിഭാഗം തർജ്ജമകളായും പദ്യവിഭാഗം മാപ്പിളപ്പാട്ടുകളായും അറിയപ്പെട്ടു. കേരള മുസ്ലിംകളുടെ പതിനാലു നൂറ്റാണ്ടുകാലത്തെ സാംസ്കാരിക ജീവിതം പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണ് മാപ്പിളപ്പാട്ടുകൾ. തനതായ മാപ്പിളപ്പാട്ടുകൾ മുഴുവൻ അറബി മലയാള ലിപിയിലാണ് എഴുതപ്പെട്ടിരുന്നത്. മലയാള സാഹിത്യത്തിന്റെ ഒരു പ്രധാനഭാഗമാണ് അറബി മലയാള സാഹിത്യമെന്ന് നാം ഒരിക്കലും വിസ്മരിക്കരുത്.

മാപ്പിളപ്പാട്ടുകൾക്ക് കമ്പി, കഴുത്ത്, വാൽകമ്പി, വാലുമ്മകമ്പി എന്നീ വ്യത്ത നിയമങ്ങളുണ്ട്. മഹാകവി മോയിൻ കുട്ടി വൈദ്യരുടെ ബദർ, ഉഹ്ദ്, ഹിജ്റ സ്വലീഖത്ത്, മുണ്ടമ്പ്രയുടെ കർബല, ജസ്സ, മാളിയക്കലകത്ത് കുഞ്ഞഹമ്മദിന്റെ ഹുസൈൻ, ഉബൈദ് സാഹിബിന്റെ കേരളഗാനം, തുടങ്ങി പ്രഗൽഭ കവികളുടെ രചനയിൽ നിന്നും മാപ്പിളപ്പാട്ടിന്റെ പ്രാസ നിയമങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ട ഇശലുകളാണെന്ന് വ്യക്തമായി മനസ്സിലാക്കാം.

കണ്ടെടുക്കപ്പെട്ടതിൽ ഏറ്റവും പഴക്കമുള്ള മാപ്പിള കൃതി കൃസ്തുവർഷം 1607 ൽ മുഹമ്മദ് ബിൻ അബ്ദുൽ അസീസ് എന്ന ഖാളി മുഹമ്മദാണ് ആദ്യകാല കൃതികളിൽ ശ്രദ്ദേയമായ അറബി മലയാളത്തിലെഴുതിയ 'മുഹ്യുദ്ദീൻ മാല' രചിച്ചത്. 1616 ൽ മഹാപണ്ഡിതനായ ആ അറബി മലയാളക്കവി അന്തരിച്ചു.

പിൽക്കാലത്തുള്ള കവികളുടെ രചനയിലെല്ലാം കമ്പിയും, കമ്പിയെഴുത്തുമൊക്കെ കാണുന്നുണ്ട്. ആര് എങ്ങനെപറഞ്ഞാലും കമ്പിയും, കഴുത്തുമൊക്കെ കാണുന്നുണ്ടെങ്കിലേ ലക്ഷണമൊത്ത മാപ്പിളപ്പാട്ടാവുകയുള്ളൂ എന്ന് ഇവിടെ തീർത്ത് പറയാതിരിക്കാൻ വയ്യ.

മാപ്പിളപ്പാട്ടും മത്സരവേദിയും

മോയിൻകുട്ടി വൈദ്യർ തൊട്ടുള്ള പഴയകാല കവികൾ എഴുതിയ പാട്ടുകൾ മാത്രമേ അംഗീകരിക്കുയെന്ന് വിധികർത്താക്കൾ പറയുന്നത് ശരിയല്ലായെന്നാണ് എന്റെ അഭിപ്രായം. പുതിയ തലമുറയിൽ ശ്രദ്ധേയനായ കവി ഒ.എം കരുവാരകുണ്ട് എഴുതി ഞാൻ സംഗീതം നൽകിയ പല ഗാനങ്ങളും സംസ്ഥാനത്ത് ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. അത് പോലെ ഹസ്സൻ നെടിയനാട്, ഇ.കെ.എം. പന്നൂർ, ബാപ്പു വാവാട് തുടങ്ങി പ്രസിദ്ധരായ കവികളുടെ പാട്ടുകളും ഒന്നാം സ്ഥാനത്തെത്തിയിട്ടുണ്ട്. തനിമയുള്ള മാപ്പിളപ്പാട്ടുകൾ അല്ലെങ്കിലും ആലപിക്കുന്നത് മത്സര വേദികളിൽ മാത്രമാണ്. അത് തന്നെ ശരിയായ രീതിയിൽ വിലയിരുത്തപ്പെടാതെ പോകുന്നു. സംഗീതത്തിന്റെ താളവും ശ്രുതിയും ലയവും തീരേ അറിയാത്ത വിധികർത്താക്കളാണ് ഇതിന് കാരണം. പാട്ടിനെകുറിച്ചും അതിലെ സംഗീതത്തെ കുറിച്ചും വേണ്ടത്ര ധാരണയില്ലാത്തവരാണ് മിക്കവരും.

മാപ്പിളപ്പാട്ടും സംഗീതവും

മാപ്പിളപ്പാട്ടിൽ എപ്പോഴും നാം പറയുന്നതും കേൾക്കുന്നതുമായ 'ഇശൽ' എന്ന് പറയുന്നത് തന്നെയാണ് സംഗീതത്തിലെ "രാഗം" രീതി, ട്യൂൺ എന്നൊക്കെ പറയുന്നത്. 500 ലധികം ഇശലുകൾ മാപ്പിളപ്പാട്ടിൽ ഉണ്ട്. ഓരോ ഇശലിനും അതിന്റെ വ്യത്ത നിയമങ്ങളുമുണ്ട്. പക്ഷെ പാടിവരുമ്പോൾ മനസ്സിലാകുന്നത് തനിമയാർന്ന പാട്ടിൽ മൂന്ന് രാഗങ്ങൾ മാത്രമാണ്. അതിൽ ഒന്ന് ഗൗരീമനോഹരി, ഇതിന്ന് ഉദാ:- വൈദ്യരുടെ ബദറിലെ അടിപെട്ട് കൊത്തിപ്പിടിത്താരോ..... ഇതിന്റെ ഇശൽ മക്കാനബി (ഇടിമുറുക്കം) ഈ രാഗത്തിൽ തന്നെയാണ് എന്റെ ഗുരു അന്തരിച്ച അനശ്വരനായ ബാബുരാജ് കുട്ടിക്കുപ്പായം സിനി

പേജ് 7 ൽ നിന്ന് തുടർച്ച

ചർച്ചയിലേക്ക് വന്നതേയില്ല. ഇനിയും സ്വന്തമായി ഒരു തുണ്ട് ഭൂമിയോ വീടോ ഇല്ലാത്ത ആദിവാസികളടക്കമുള്ളവർ രൂക്ഷമായ വിലക്കയറ്റം, തൊഴിലില്ലായ്മ, നാണ്യപെരുപ്പം, ഇന്ധന വിലവർദ്ധന, പട്ടിണിമരണങ്ങൾ, കുടിവെള്ള ക്ഷാമം, ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ, ഉള്ളവനും ഇല്ലാത്തവനും തമ്മിൽ കൂടി വരുന്ന അന്തരം, ഇന്ത്യയിലെ 600 ജില്ലകളിൽ 150ലെറെ ജില്ലകളിൽ വളർന്നുവരുന്ന നെക്സൽ പ്രസ്ഥാനങ്ങൾ... ഇവയൊന്നും മാധ്യമങ്ങളുടെയും പൊതുജനങ്ങളുടെയും സജീവ ചർച്ചാ വിഷയങ്ങൾ ആയില്ല. പകരം വ്യക്തിഹത്യാപരമായതും സ്വകാര്യ ജീവിതത്തിലേക്കുള്ള കടന്നാക്രമണങ്ങളിലധിഷ്ഠിതവുമായ ഒരു പ്രചാരണ ശൈലി നേരത്തെ പരാമർശിച്ച വിപരീതവും നശീകരണാത്മക കാഴ്ചപ്പാടുകളുടെയും ബ്രാൻഡ് അംബാസഡറുടെ നേതൃത്വത്തിൽ അരങ്ങേറിയത് നാം കണ്ടതാണ്. ചുരുക്കത്തിൽ മിടുക്കന്മാരുടെ അതിജീവനം എന്ന ആഗോളീകരണ കാലത്തെ മുദ്രാവാക്യവുമായി മേൽകൈ നേടാനുള്ള തീവ്രമായ മത്സരങ്ങൾക്കിടയിൽ നഷ്ടപ്പെട്ട് പോകുന്നത് ഉന്നത മൂല്യബോധത്തിലൂന്നിയ മാധ്യമ സംസ്കാരം തന്നെയാണ്.

ദയവായി എന്നെ ഒന്നു പറ്റിക്കൂ. എന്ന് കഴുത്തിൽ വലിയ പ്ലെക്കാർഡും തൂക്കിയിട്ട് മിനക്കെടാതെ എളുപ്പത്തിൽ പണം വാരാനുള്ള വഴികൾ തേടി നടക്കുന്ന നാം മലയാളികൾ നമ്മുടെ സാമീപ്യങ്ങളും കാഴ്ചപ്പാടുകളും അഭിരുചികളും മാറ്റേണ്ടതുണ്ട്.

നശീകരാണ്തമകവും വിപരീതവുമായ നമ്മുടെ കാഴ്ചപ്പാടുകൾ അന്യന്റെ ഉയർച്ചയിൽ അസാധാരണമായ അസൂയയും അവന്റെ പതനത്തിൽ നിഗൂഢമായ ആഹ്ലാദവും പ്രകടിപ്പിക്കുന്ന വികല ചിന്തകൾ. മനഃശാസ്ത്ര മർമ്മങ്ങളെ തൊട്ടുണർത്തുന്ന ഇക്കിളി വാർത്തകളിൽ അഭിരമിക്കുന്ന മാനസികാവസ്ഥ എന്നിവ നാം സ്വയം മാറ്റണം. എങ്കിൽ മാത്രമെ ഉപഭോക്താവിന്റെ അഭിരുചികളും പരസ്യദാതാക്കളുടെ സാമ്പത്തിക താത്പര്യങ്ങളും മാധ്യമസ്ഥാപനമുടമകളുടെ സ്വാർത്ഥ താത്പര്യവും ചേർന്നൊരുക്കിയിട്ടുള്ള ഈ വിഷ വൃത്തത്തിൽ നിന്ന് സാധാരണക്കാരനും മാധ്യമപ്രവർത്തകനും മോചനമുള്ളൂ. അപ്പോൾ മാത്രമേ നമുക്ക് യഥാർത്ഥ മാധ്യമ പ്രവർത്തനവും സത്യാസത്യ വേർത്തിരിവും സാധ്യമാകൂ. അതുവരെ കാളപ്പെറ്റെന്ന് കേൾക്കുമ്പോൾ നമുക്കും കയറെടുത്തും കയറിനായും ഓടാം. ●



റിയാദ് കെ.എം.സി.സി സെൻട്രൽ കമ്മറ്റി സംഘടിപ്പിച്ച മെഗാഇവന്റ് 2011 ന്റെ സമാപനം ഇ.ടി. മുഹമ്മദ് ബഷീർ എം.പി. ഉദ്ഘാടനം ചെയ്യുന്നു.

മയിലെ ഉമ്മക്കും ബാപ്പക്കുമായിരമായിരം എന്ന ഗാനം ചിട്ടപ്പെടുത്തിയത്. ഒരു പാട് ഇശലുകൾ ഈ രാഗത്തിലുണ്ട്. അടുത്ത രാഗം, ശങ്കരാഭരണം ഇശൽ (ആരംഭം) വൈദ്യരുടെ മനോഹരമായ ഒരു ഇശലാണിത്. പൂമകളാണ് ഹുസ്നുൽ ജമാൽ, പുന്നാര തലം മികത്തെബീവി.....

മൂന്നാമത്തെ ഇശൽ (രാഗം) സിന്ധുഭൈരവി.. ഉബൈദ് സാഹിബിന്റെ ജീവിച്ചിടുന്നതുമാമക ജനനി, വൈദ്യരുടെ ബദറുൽ ഹുദാ യാസീനും ഹുസ്നുൽ ജമാലിലെ ഒയ്യേയേ നിക്കുണ്ട് തുടങ്ങി എത്രയോ ഉദാഹരണങ്ങൾ പറയാൻ സാധിക്കും. ഇശൽ മാറ്റുന്നു, പക്ഷെ രാഗം മാറ്റുന്നില്ല. മാപ്പിളപ്പാട്ടുകളുടെ (ക്ലാസിക്) ശരിക്കും ഹിന്ദുസ്ഥാനി സംഗീതത്തിന്റെ ടച്ചാണുള്ളത്.

മാപ്പിളപ്പാട്ട് ഇന്ന്

വൈദ്യർ, കുഞ്ഞായിൻ മുസ്ലിയാർ, മുണ്ടമ്പ്ര, ഉബൈദ് സാഹിബ് തുടങ്ങി പ്രസിദ്ധരായ കവികൾ ഒന്നാം തരം സംഗീതജ്ഞരായിരുന്നു. അവരുടെ രചനകളിൽ ഇശലുകളിൽ താളത്തിന്റെയും, വിഷയത്തിന്റെയും വൈവിധ്യം കണ്ടാൽ അത് മനസ്സിലാക്കാം. ലോകം എന്തെന്ന് അവർക്കറിയാമായിരുന്നു. ഒരു പാട്ട് എന്നും നിലനിൽക്കണമെങ്കിൽ അന്തർധാരയായിട്ട് അതിൽ കവിത ഉണ്ടായിരിക്കണം. വൃത്ത ശാസ്ത്രം പഠിക്കണമെങ്കിൽ ഉബൈദിന്റെ ദുൻയാവിന്റെ മറിമായം, കേരളഗാനം എന്നീ രണ്ട് ഗാനങ്ങൾ മാത്രം പഠിച്ച് മനസ്സിലാക്കിയാൽ മപ്പിളപ്പാട്ടിന്റെ നിയമ വശങ്ങൾ മനസ്സിലാക്കാൻ പറ്റും.

പുതിയ എഴുത്തുകാരിൽ ഒ.എം കരുവാരക്കുണ്ട്, കാനേഷ് പൂനൂർ, പി.എസ് ഹമീദ്, ബാപ്പു വാവാട്, ഇ.കെ.എം പന്നൂർ, ബാപ്പു വെള്ളിപ്പറമ്പ് തുടങ്ങിയവരുടെ വരികളിൽ കവിതയുണ്ട്, വൃത്തമുണ്ട്, താളമുണ്ട്.

ഇപ്പോൾ ഇറങ്ങുന്ന മാപ്പിള ആൽബങ്ങൾ മാപ്പിളപ്പാട്ടുകളുടെ കൂട്ടത്തിൽ ചേർത്ത് വെക്കാൻ തീരെ പറ്റില്ല. ആൽബങ്ങളായിട്ട് ഇറങ്ങുന്ന പാട്ടുകളെല്ലാം വളരെ മോശമായ നിലവാരമാണ് പുലർത്തുന്നത്. അതായത് അടുക്കള വർത്തമാനമാണ് പാട്ടുകളായി വരുന്നത്. ഒരു സാഹിത്യത്തിന്റെ പേരിലോ കലയുടെ പേരിലോ ഒരിക്കലും സമൂഹത്തിലേക്ക് പൊതുവായി കൊണ്ടുവരാൻ പറ്റാത്ത വാക്കുകളാണ് രചയിതാക്കൾ പ്രയോഗിക്കുന്നത്. പഠിച്ചവരും കവിത്വമുള്ളവരുമല്ല പാട്ടുകളെഴുതുന്നത്. മാപ്പിളപ്പാട്ടിന്റെ എല്ലാ ചിട്ടകളും ലംഘിച്ച് ഒരിക്കലും അംഗീകരിക്കാൻ പറ്റാത്തതാവുകയാണ്. ഫാത്തിമ, ഖൽബ്, ഹുബ്ബ് മുഹബ്ബത്ത് യെന്നൊക്കെ ചേർത്ത് എന്തെങ്കിലും കുറിച്ച് വെച്ചാൽ മാപ്പിളപ്പാട്ടാവുമെന്നാണ് ഇവർ കരുതുന്നത്. സംഗീതം പറയാതിരിക്കുകയാണ് ഭേദം. സംഗീതത്തിന്റെ ബാലപാഠങ്ങൾ അറിയാത്തവരാണ് സംഗീത സംവിധായകന്റെ റോളിലെത്തുന്നത്. ●

ലേഖനം

ഹരിതചരിതം

രണ്ടാംഭാഗം



രായിൻകുട്ടി നീറാട്
ജിദ്ദ

ഡോ : സി.എം കുട്ടി സാഹിബ് എം.എസ്.എഫിന്റെ പ്രഥമ മലബാർ ജില്ലാ ജനറൽ സെക്രട്ടറി, മുസ്‌ലിം ലീഗ് നേതൃനിരയിലെ സമുന്നതൻ. കുറ്റിപ്പുറത്ത് നിന്നും പലതവണ എം.എൽ.എ ആയി. 1974 ലെ മുസ്‌ലിം ലീഗിന്റെ നിർഭാഗ്യകരമായ പിളർപ്പിൽ അഖിലേന്ത്യാ ലീഗിലായിരുന്നു എന്നത് പറയേണ്ടതില്ലല്ലോ? 1977ലെ അസംബ്ലി തിരഞ്ഞെടുപ്പിൽ ഇ. അഹമ്മദിനെതിരെ താനൂരിൽ കുട്ടി സാഹിബായിരുന്നു അഖിലേന്ത്യാലീഗ് സ്ഥാനാർത്ഥി. അന്നത്തെ രസകരമായ ഒരു സംഭവം കുട്ടി സാഹിബ് വിവരിച്ചത് ഇങ്ങിനെ...

പോളിങ്ങ് ദിവസം സ്ഥാനാർത്ഥി കുട്ടി സാഹിബ് ബൂത്ത് സന്ദർശിക്കുന്നതിന്റെ ഭാഗമായി കടപ്പുറത്തെ ഒരു ബൂത്തിലെത്തി ജീപ്പിൽ നിന്നും പുറത്ത് ഇറങ്ങിയതോടെ കടപ്പുറത്തെ മുക്കുവൻ കുട്ടികൾ വളഞ്ഞുനിന്നു കൂവാൻ തുടങ്ങി. എല്ലാം എനിക്കറിയുന്ന എന്നെ അറിയാവുന്ന കുട്ടികൾ പോരാത്തതിന് എന്റെ ക്ലിനിക്കൽ നിന്നും ചക്കാത്തിന് ചികിത്സിച്ചു പോവുന്നവരും കൂവൽ കേട്ടു സഹികെട്ടു. അപ്പോൾ ഒരു വൃദ്ധയായ മുക്കുവത്തി പ്രത്യക്ഷപ്പെട്ടു. ഞാൻ മനസ്സിലാക്കി എന്നെ രക്ഷിക്കാൻ വന്ന മാലാഖയാണെന്ന്. വൃദ്ധ അവരുടെ ഭാഷയിൽ കുട്ടികളെ നോക്കി പറഞ്ഞു. ഏ പഹയരെ, വെറുതെകൂവിയാൽ മതിയോ? കല്ലെടുത്ത് എറിയീനെടാ ഇവനെ പിന്നെ കല്ലും മണലും കൊണ്ടുള്ള ഏറായി. ●

നാട്ടിക പി.കെ അബ്ദുൽ മജീദ് സാഹിബ്, ചെറിയ കുറിയ മനുഷ്യൻ ഒരു കാലത്ത് മുസ്‌ലിം ലീഗിന്റെ തീപ്പൊരി പ്രാസംഗികൻ,പരിഭാഷകൻ. 1965 ൽ തൃശൂർ ജില്ലയിലെ സ്വന്തം മണ്ഡലമായ നാട്ടികയിൽ നിന്നും ലീഗ് ടിക്കറ്റിൽ എം.എൽ.എ ആയി. എസ്.ടി.യു സംസ്ഥാനപ്രസിഡന്റായി. ഏകദേശം മുപ്പത് വർഷം മുമ്പ് മരണപ്പെട്ടു. മജീദ് സാഹിബ് ഒരിക്കൽ ഈ ലേഖകനോട് പറഞ്ഞ ഒരു സംഭവം വായനക്കാരുടെ അറിവിനായി ഇവിടെ കോറിയിടുന്നു.

1955 മുസ്‌ലിം ലീഗ് നേതാക്കൾ നാടുനീളെ നടന്നു മുസ്‌ലിം ലീഗ് കമ്മിറ്റികൾ രൂപീകരിക്കുന്ന കാലം. ഓരോ പ്രദേശത്തേയും പള്ളിയിൽ നമസ്കാര സമയം ബാഫഖി തങ്ങളും സീതീ സാഹിബും അടക്കമുള്ള നേതാക്കൾ എത്തിച്ചേരും. നമസ്കാരം കഴിഞ്ഞാൽ അവിടെ കൂടിയവരോട് ലീഗ് കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ലീഗ് നേതാക്കൾ ഉണർത്തും. കമ്മിറ്റി രൂപീകരിക്കും തിരിച്ചു പോരും. കാൽ നടയായോ, ബസ്സിലായോ ബോട്ടിലോ ഒക്കെയായിരിക്കും യാത്ര. ഒരു ദിവസം ബാഫഖി തങ്ങളും, സീതി സാഹിബും, എം.കെ ഹാജിയും ഞാനും തെരഞ്ഞെടുത്ത പുറത്തൂരിൽ നിന്നും ഭാരതപ്പുഴയുടെ കടവ് കടന്ന് പൊന്നാനിയിലേക്ക് പോവുകയാണ്. തോണിയിൽ തങ്ങളും എം.കെ ഹാജിയും അടുത്തടുത്താണ് ഇരിക്കുന്നത്. സീതീ സാഹിബും ഞാനും തോണിയുടെ ഒരറ്റത്ത് അടുത്തായി ഇരിക്കുന്നു. മറ്റു ചില യാത്രക്കാരോടൊപ്പം മുറിയൻ ട്രൗസറും കൂർത്ത തൊപ്പിയുമുള്ള ഒരു പോലീസുകാരനും തോണിയിലുണ്ട്. സീതീ സാഹിബ് ആ പോലീസുകാരനെചൂണ്ടികൊണ്ട് എന്നോട് സ്വകാര്യമായി പറഞ്ഞു. ഈ പോലീസ് നമ്മുടെ നേതാക്കളെ സല്യൂട്ട് ചെയ്യുന്ന ഒരു കാലമുണ്ടാവും. ഇത് കേട്ടപ്പോൾ ഞാൻ പൊട്ടി പൊട്ടി ചിരിച്ചു. ചിരി അടക്കാൻ കഴിഞ്ഞില്ല. ലീഗ് കാരനായാൽ ഒരു പഞ്ചായത്ത് മെമ്പർ പോലും ആകാൻ കഴിയാത്ത കാലമായിരുന്നു അന്ന്.

തോണി ഇറങ്ങിയപ്പോൾ തങ്ങളും എം.കെ ഹാജിയും ചോദിച്ചു: എന്തിനാണ് മജീദ് പരിസരം മറന്ന് ചിരിച്ചത്.? ഞാൻ സീതീ സാഹിബിന്റെ തമാശ പറഞ്ഞു. അവർ പറഞ്ഞു പടച്ചവനല്ലെ വലിയവൻ. 1961 ഏപ്രിൽ 18 ന് സീതി സാഹിബ് മരിക്കുമ്പോൾ അദ്ദേഹം നിയമസഭാ സ്പീക്കറായിരുന്നു. ഒരു ഔദ്യോഗിക ബഹുമതികളോടെ ജനാസ ഖബറിലിറക്കിയപ്പോൾ കണ്ണീരോടെ പഴയ തോണിയാത്ര ഓർത്തുപോയി.



റിയാദ് കെ.എം.സി.സി. സെൻട്രൽ കമ്മറ്റി സംഘടിപ്പിച്ച 'മെഗാ ഇവന്റ്' 2011 ന്റെ സമാപനത്തിൽ പങ്കെടുത്ത ജനസദസ്സ്

കവിത

(ഒരു വ്യാഴവട്ടക്കാലത്തിലധികമായി കുടുംബത്തെയും നാടിനെയും മറന്ന് ജീവിച്ച പ്രഭാകരൻ വാർദ്ധക്യത്തിലെത്തിയപ്പോൾ ഒരു പിടി രോഗങ്ങളുമായി നിരങ്ങി നീങ്ങാൻ പോലുമാകാത്ത അവസ്ഥയിൽ സൗദിയിലെ ഒരാശുപത്രിയിൽ അഡ്മിറ്റാവുകയായിരുന്നു. നാട്ടിലെത്തിക്കാനുള്ള സാമൂഹ്യ പ്രവർത്തകരുടെ ശ്രമത്തെ ഭാര്യയും മക്കളും ശക്തമായി എതിർത്തതോടെ ഒടുവിൽ അനന്തപുരിയിലെ ഒരു വൃദ്ധ സദനത്തിലേക്ക് കയറ്റി അയക്കുകയായിരുന്നു. മാധ്യമങ്ങളിൽ ഏറെ നാൾ നിറഞ്ഞ് നിന്ന ഈ വിഷയമാണ് ഈ കവിതക്കാധാരം)



ഏഴ്കോൺ ജോയ് പ്രസാദ്,
റിയാദ്

പ്രഭാകര ചരിതം അവസാനപർവ്വം

വൃദ്ധ സദനത്തിലേക്കുള്ള നിൻ യാത്രയിൽ
വ്യക്തമായ് ഞാൻ കണ്ടു; നിൻ മിഴിത്തുള്ളികൾ...
പശ്ചാത്തപിച്ചിട്ടിനി എന്തു നേടുവാൻ
താലിച്ചരടിൽ മോഹപുഷ്പങ്ങൾതൻ
പുഛമായിരുന്നില്ലേ ഇത്ര നാൾ ലോകത്തെ...?
താലിച്ചരടിൽ മോഹപുഷ്പങ്ങൾ തൻ
മാല കൊരുത്തൊരാ തൻ പാതി മെയ്യിനെ
ജീവന്റെ ജീവനിൽ ജന്മമേകിയ നിൻ
പ്രാണസൂനങ്ങളാം പൊന്നു മക്കളെ.
ഇതുപത് വർഷം കൊഴിഞ്ഞു വീഴുംവരെ
ഒരു നേര മോർത്തില്ല പ്രഭാകരാ നീയെന്തേ?
ഈറ്റമുളം തണ്ടിൽ വണ്ടുതുളച്ചാലേ
കാറ്റതൊരോടക്കുഴലാക്കി മാറ്റിടൂ
സ്നേഹവുമതുപോലെയാണ് സഹോദരാ
ദേഹവും ദേഹിയും പോൽ പരസ്പരം
ശുമേസി മോർച്ചറിക്കുള്ളിലന്നൊരു വർഷം
പ്രവാസിയായി കിടന്നുറങ്ങി ഒരു മൃതദേഹം
ഉറ്റവർക്കുടയവർക്കായ് കാത്തിരുന്നി
ട്ടുണ്ടായതില്ല ഒരു മറുവാക്കുപോലുമേ.....
എല്ലാം മറന്നയാൾ ജീവിച്ചതാണീ ഭൂമിയിൽ
ഇല്ലായ്മക്കടലിലെ കുടുംബത്തെ കാണാതെ
വേറിട്ട ചാനലിൽ തൻപാതിമെയ്യുടെ
വേദനയൂറും പരിദേവനം കേൾക്കാതെ....
തായ്ലന്റ് ലോട്ടറിക്കുള്ളിൽ കുരുങ്ങിയും
തായ്വേരറുത്തും തലതല്ലിയാർത്തും
ചിരിച്ചും,രസിച്ചും ദിനരാത്രങ്ങൾ തൻ
ചീന്തിയെറിയുന്ന ജീവിതത്താളുകൾ.....
ഒടുവിലൊരു പിടിരോഗപീഢകൾ, പി
ന്നൊരു പിടി തീരാത്ത കടങ്ങളും പേറി
നാടണയാൻ വെമ്പുന്ന രാജശേഖരന്മാർക്കിനി
നാടിന്റെ ഭാഗഭാക്കാകുവാനാകില്ല
ഉണ്ടാലും ഉണ്ണാ തുറങ്ങിയാലും-തന്റെ
ഉറ്റവർക്കായി ജന്മം മെഴു വിളക്കാക്കിയോർ
ഈ മണ്ണിലേറെയുണ്ടവരുടെ വേദന
കാണാതെഴുതുന്നതല്ല എൻ തൂലിക...
എണ്ണൂറു റിയാലിന്റെ ശമ്പളവും വാങ്ങി
അൽ റാജി ബാങ്കിലെ ക്യൂവിലെത്തീടുമ്പോൾ
ഏഴായിരം രൂപയെങ്കിലുമെൻ പൊന്നു-
മക്കൾക്കും ഭാര്യക്കും നിത്യവൃത്തിക്കായേകുവാൻ
അമ്മയെ ഈ മാസമെങ്കിലും നല്ലോ
രാശുപത്രിയിൽ കൊണ്ടോയി മരുന്നു മേടിക്കുവാൻ
അച്ഛനുമേകണം വട്ടച്ചിലവിനായ്
തുശ്ചമാമിപ്പണം തികയുമോ ഇല്ലയോ
ആയിരം കൂടി തികച്ചു മടങ്ങുന്നു.
ആത്മ ദുഃഖത്തിന്റെ രശീതിയും വാങ്ങി
പാന്റ്സിന്റെ ബെൽറ്റിലെ ഹോളുകളോരോരോ
മാസവും അടുക്കുന്നു മുറുക്കിയുടുക്കാനായ്
ഞാനുമവർക്കടുത്ത ക്യൂവിലാണിപ്പോഴും
കാത്തുനിൽക്കുന്നത് എത്രയോ കാലമായ്....
ഭാവിയിലൊരു പക്ഷെ ഭാര്യയും മക്കളും
കത്തിടുമെന്നൊരു മോഹമില്ലെങ്കിലും
താലികെട്ടുമ്പോഴും താതനാകുമ്പോഴും
തന്നിലർപ്പിതമാണെല്ലോ ചില ധർമ്മ വീഥികൾ
അരയാലിൻ കായ്മണി എത്ര ചെറുതാണ്
അതുപോലെയല്ലയോ സ്നേഹമാം വടവൃക്ഷം
ഏകേണ്ട നേരത്തതേകിയാൽ മാത്രമേ
ഏതൊരു ബന്ധവും തളിരിടൂ.... പൂവിടൂ....
പ്രഭാകര ചരിത്രത്തിൽ പാഠങ്ങളേറെയു
ണ്ടവസാന പർവ്വമായ് മാറട്ടെ ഇക്കഥ .....



നേതൃസ്മൃതി

രണ്ടാംഭാഗം

ശിഹാബ് തങ്ങൾ

പ്രസക്തി, ദർശനം



ഷീബാ രാമചന്ദ്രൻ
റിയാദ്

ഇന്ത്യയിൽ ചരിത്രപരമായി ഇതര സംസ്ഥാനങ്ങളിൽ നിന്ന് സവിശേഷമായൊരു വ്യത്യസ്ത കേരളം എക്കാലവും കാത്തുസൂക്ഷിച്ചിട്ടുണ്ട് എന്ന് കാണാൻ കഴിയും. സാംസ്കാരിക വൈവിധ്യങ്ങളുട കേദാരം എന്ന് പുകഴ്പെറ്റ നമ്മുടെ ദേശ പാരമ്പര്യത്തെ സാർത്ഥകമാക്കിയ ഒരു തുരുത്തായിരുന്നു കേരളം. സംസ്കൃതികൾക്കിടയിലെ ആദാനപ്രദാനങ്ങൾ വ്യത്യസ്ത മതവിഭാഗങ്ങളെ പല വിധത്തിൽ പരിപോഷിപ്പിക്കുകയും ഒരളവോളം സാമൂഹിക പ്രകാശിതവുമാക്കി. പ്രശാന്തതയുടെ ഈ സ്വച്ഛതീരങ്ങളിൽ രാപാർത്ത ന്യൂനപക്ഷങ്ങളുടെ ജീവിത നിലവാരങ്ങളും അതിനാൽ ആപേക്ഷികമായി ഉന്നതമായിരുന്നു. സാമ്പത്തികമായും, വൈജ്ഞാനികമായും ക്ഷയോന്മുഖരായ ഇതര സംസ്ഥാനങ്ങളിലെ മുസ്ലിംകൾ സ്വത്വപരമായി കേരളത്തിൽ നിന്നും വേറിട്ടു നിന്നു.സ്വതന്ത്ര ഇന്ത്യയിലെ മുസ്ലിം ന്യൂനപക്ഷത്തിന്റെ സാമൂഹിക ജീവിതത്തിന്റെ ഗതിവിഗതികളിലൂടെ യാത്രതിരിച്ച ജസ്റ്റീസ് രജീന്ദർ സച്ചാർ സംഘം കേരളത്തിന്റെ വ്യതിരിക്തതയെ പ്രത്യേകം അടയാളപ്പെടുത്തിയിട്ടുണ്ട്. ഇതിന് മുസ്ലിം സമൂഹം തീർച്ചയായും മൂന്ന് പതിറ്റാണ്ട് മലയാളിയുടെ മനസ്സിൽ പതിഞ്ഞ ആ നേതാവിനോട് കടപ്പെട്ടിരിക്കുന്നു. എന്നാൽ വർത്തമാനമുസ്ലിം സമൂഹത്തിന്റെ മുഖമുദ്രയായ സ്വത്വ പ്രതിസന്ധിയും അത് പുറപ്പെടുവിച്ച അപകർഷതാബോധവും അത് പുനരുൽപാദിപ്പിച്ച അരക്ഷിതത്വവും ഒരു വശത്ത്, മറുഭാഗത്ത് ഇതിനെ ഉദ്ദീചിപ്പിക്കുന്ന വിധത്തിൽ ദേശത്തിനകത്ത് നടത്തപ്പെടുന്ന വെട്ടിമാറ്റലുകളും, നീതിനിഷേധങ്ങളും. കാലുവെന്ത മുയലുകളുടെ നിസ്സഹായാവസ്ഥ കണക്കെ താന്താങ്ങളിലേക്ക് ന്യൂനീകരിക്കപ്പെട്ട ഈ ന്യൂനപക്ഷ പ്രതീകങ്ങളുടെ നടവഴികളിൽ നിന്ന് വഴിമാറി നടക്കാൻ കേരളീയ മുസ്ലിം സമൂഹത്തെ പ്രാപ്തമാക്കിയത് പ്രബുദ്ധ കൈരളിയിൽ മുസ്ലിംകൾ ഇന്നോളം കാത്തുസൂക്ഷിച്ച അതിന്റെ പ്ലൂരൽ സ്വഭാവ നന്മകളാണ്. സനാതനമൂല്യങ്ങളുടെ ഈ വിളഭൂമി ഉഴുതുമറിച്ച് ഏകവിള തോട്ടങ്ങളാക്കാനുള്ള സവർണ്ണ തീവ്രവാദികളുടെ കൊണ്ടുപിടിച്ച ശ്രമങ്ങൾ വർത്തമാനമുസ്ലിം വേട്ടയുടെ ഉള്ളടക്കം തന്ത്രമാണ്.

തന്റെ ചിന്തകളിൽ ധൈഷണികമായ സത്യസന്ധത വച്ചു പുലർത്തി ആദർശാധിഷ്ഠിത സംസ്കാരങ്ങളുടെ ഈറ്റില്ലമായി മാറിയ യഥാർത്ഥ മതമേലധ്യക്ഷനായിരുന്നു അദ്ദേഹം. വിവിധ പ്രദേശങ്ങളിലെ ഖാസിയായും യതീംഖാനകളുടെ അധ്യക്ഷനായും സേവനം അനുഷ്ടിച്ചു. നിരവധി വിദ്യാലങ്ങൾക്കും അദ്ദേഹം മേൽനോട്ടം വഹിച്ചിരുന്നു. സ്ത്രീ വിദ്യാഭ്യാസത്തിനും സ്ത്രീ ശാക്തീകരണത്തിനുംവേണ്ടി ഒട്ടേറെ പ്രയോജനപ്രദമായ സംരംഭങ്ങൾക്ക് തുടക്കം കുറിച്ച് സമൂഹത്തിന്റെ അടിത്തട്ടിൽ കിടന്നിരുന്ന ഒരു വിഭാഗത്തിന് ജീവിതം നേരിടാനുള്ള കരുത്തു പകർന്നു നൽകിയ തങ്ങൾ അഴിമതിക്കും ആരോപണങ്ങൾക്കും ഒരു യഥാർത്ഥ പൊതുപ്രവർത്തകന്റെ വഴികളിൽ സ്ഥാനമില്ലാ എന്ന് തെളിയിച്ച് കറപുരളാത്ത കൈകളുമായി മഹാമേരുവിനെപ്പോലെ നിലനിന്ന യഥാർത്ഥ മലബാരിയാണ്.

ഉദ്യോഗ - വിദ്യാഭ്യാസ മേഖലകളിലൊക്കെ അനുദിനം നടന്നുകൊണ്ടിരിക്കുന്ന സംവരണ അട്ടിമറികൾക്കെതിരെ ന്യൂനപക്ഷസംഘടനകളുടെ കൂട്ടായ ഒരു സമരനിര രൂപപ്പെടുമെന്ന് ഏതാനും വർഷം മുമ്പ്അദ്ദേഹം മുന്നോട്ടുവെച്ച അഭിപ്രായത്തെ ഇന്ന് സാധൂകരിക്കുന്നു. ജാതി വ്യവസ്ഥ നിലനിൽക്കുന്നതിന് ജനാധിപത്യം അട്ടിമറിക്കപ്പെടുന്നു എന്ന ഇന്ത്യൻ അനുഭവമാണ് സംവരണത്തെ ഒരു സാമൂഹ്യ പ്രശ്നമായി അടയാളപ്പെടുത്തുന്നത്. സംവരണം കേവലം ഒരു ഉദ്യോഗകാര്യമല്ലെന്നും സാമൂഹികനീതിയുടെ പ്രശ്നമാണെന്നും ഇന്ന് കേരളത്തിലെ ന്യൂനപക്ഷ സമുദായം തിരിച്ചറിയുന്നത് അദ്ദേഹം രചിച്ച പ്രമുഖ ലേഖനങ്ങളുടെ പശ്ചാത്തലത്തിലാണ് എന്നത് തങ്ങൾ കേരള സമൂഹത്തിനും പ്രത്യേകിച്ച് മുസ്ലിം സമുദായത്തിനും നൽകിയ അക്ഷരക്കൂട്ടുകളുടെ അടുത്തേക്കാണ് എന്നത് സംശയമില്ല.

സമൂഹത്തിന്റെ അടിത്തട്ടിൽ കിടന്ന ഒരു ജനതയെ വിദ്യാഭ്യാസത്തിലൂടെ നേതൃനിരയിലെത്തിച്ചതിൽ കേരളീയ സ്ത്രീ സമൂഹം പ്രത്യേകിച്ചും മുസ്ലിം വനിതകൾ ശിഹാബ് തങ്ങൾ എന്ന നേതാവിനെ വഴികാട്ടിയായി ആദരിക്കുമ്പോൾ അതിന് മൂന്ന് പതിറ്റാണ്ടിന്റെ കാലദൈർഘ്യം ആവശ്യമായി. ഇന്ന് സ്ത്രീ ശാക്തീകരണ ചിന്തവ്യാപകമായികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വനിതാ ദിനാചരണവും, വർഷാചരണവും പിന്നിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 50% വനിതാസംവരണം ഏർപ്പെടുത്തുന്നതിൽ എത്തി നിൽക്കുന്നു ശാക്തീകരണപ്രക്രിയ. വീടിന്റെ ചുവരുകൾ ഭേദിച്ച് ബഹിരാകാശംവരെ ഉയർന്നെത്തിയിരിക്കുന്നു ആധുനിക വനിത. എന്നാൽ സ്ത്രീ സ്വത്വം തിരിച്ചറിയുന്നതിലും, അവൾ വ്യവഹരിക്കുന്ന ഇടങ്ങളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലും സംഭവിച്ച പരാജയം വലിയൊരു ചോദ്യചിഹ്നമാണിന്ന്. വസ്തുവായും ഇരയായും ഉൽപ്പന്നമായും വിപണവസ്തുക്കൾക്ക് പശ്ചാത്തലമൊരുക്കുന്ന ശരീരമായും ഒരു വിപണി തന്നെയായും അവൾ അരങ്ങു നിറഞ്ഞു നിൽക്കുന്നു. പെൺകരങ്ങൾക്ക് കരുത്തും, പെണ്ണിടങ്ങൾക്ക് വ്യാപ്തിയും ഏറിയെന്ന് പെരുമ പറയുമ്പോഴും പെണ്ണുടലുകൾ മാത്രമായി നിർവ്യക്തീകരിക്കപ്പെടുന്ന ദുരവസ്ഥയാണിന്ന്

സ്ത്രീത്വത്തെ സംബന്ധിച്ച യാഥാർത്ഥ്യനിഷ്ഠമായ ധാരണകളാണ് മാധ്യമങ്ങൾ സമൂഹത്തിന് പകരേണ്ടത്. അർഹിക്കുന്ന ആദരവും, ശാക്തീകരണത്തിന്റെ സദ്ഫലങ്ങളും, സമൂഹത്തിനൊന്നാകെയും... സ്ത്രീലോകത്തിന് വിശേഷിച്ചും അനുഭവഭേദ്യമാകാൻ ധാർമ്മികതയിലൂന്നിയ ഒരു വനിതാ നയമാണ് വേണ്ടതെന്ന് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ തന്റെ ലേഖനത്തിൽ പറഞ്ഞത് അദ്ദേഹത്തിനോടു കാണിക്കുന്ന ആദരവായികണ്ട് മാധ്യമങ്ങൾ സ്വീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യണം.

ശിഹാബ് തങ്ങളുടെ വാക്കുകളുടെ കരുത്തും പ്രസക്തിയും ഇന്ന് അംഗീകരിക്കപ്പെടുന്നതുകൊണ്ടാണ് ഉറുദു ഭാഷയ്ക്കും അറബി ഭാഷയ്ക്കും പ്രാധാന്യം കൈവരിക്കപ്പെടുന്നതും മദ്രസാ വിദ്യാഭ്യാസത്തിനായി സാമ്പത്തിക സഹായമനുവദിച്ചതും, മദ്രസാധ്യാപകർക്ക് പെൻഷനും, വേതനവർദ്ധനവും അംഗീകരിക്കപ്പെട്ടതും. ശിഹാബ് തങ്ങൾ ഇല്ലാത്ത കേരളത്തിൽ അദ്ദേഹം നട്ട "ആശയമുകുളങ്ങൾ" പടർന്ന് പന്തലിച്ച് ഫലം നൽകുമ്പോൾ "തങ്ങളില്ലാത്ത കേരളത്തിലും" തന്റെ കാൽപാടുകൾ ശേഷിപ്പിച്ചിട്ടാണ് കടന്ന് പോയത് എന്നത് നാം വിസ്മരിക്കരുത്.

പാണക്കാട് ശിഹാബ് തങ്ങൾ നടത്തിയ ശ്രമഫലങ്ങളാണ് ഇന്ന് അലിഗഢ് സർവ്വകലാശാല പ്രതിനിധികളെ മലപ്പുറത്തേക്ക് ആകർഷിപ്പിച്ചത് എന്നതുകൊണ്ടുതന്നെ വിദ്യാഭ്യാസ മേഖലയിലെ ഇത്തരം നവീകരണങ്ങൾക്ക് തങ്ങൾ തുടങ്ങിവെച്ച പ്രവർത്തനങ്ങൾക്ക് അനുകരണങ്ങൾ ഉണ്ടായേ മതിയാകൂ. പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ തീർച്ചയായും സാംസ്കാരിക കേരളത്തിന്റെ വികാരങ്ങളെ മാനിച്ച് ശിഹാബ്തങ്ങൾ തുടങ്ങിവെച്ച പദ്ധതികൾ പ്രാബല്യത്തിൽ വരുത്തുമെന്ന് പ്രത്യാശിക്കാം. ●

ക്വിസ്.കോം

1. 2 ജി. സ്പെക്ട്രം അഴിമതി കേസ് പുറത്ത് കൊണ്ട് വന്ന മലയാളി ആയ പത്ര പ്രവർത്തകന്റെ പേരെന്ത്?
2. ഒരു പൂർണവളർച്ച എത്തിയ മനുഷ്യന്റെ ശരീരത്തിൽ 206 എല്ലുകൾ ആണെങ്കിൽ നവജാത ശിശുവിന്റെ ശരീരത്തില് എത്ര എല്ലുകളുണ്ട് ?
3. കേരളത്തിന്റെ രണ്ടാമത്തെ മുഖ്യമന്ത്രിയുടെ പേരെന്ത്?
4. ഹിപ്പോപൊട്ടാമസിന്റെ വിയർപ്പിന്റെ കളർ എന്ത്?
5. കേരളത്തിൽ മുഖ്യമന്ത്രി, ഉപമുഖ്യമന്ത്രി, സ്പീക്കർ, മന്ത്രി, എം.പി., എം.എൽ.എ എല്ലാം ആയ വ്യക്തി ആര് ?
6. ഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന അബുൽകലാം ആസാദ് ജനിച്ചത് എവിടെ?
7. ദാറുസ്സലാം ഏത് രാജ്യത്തിന്റെ തലസ്ഥാനമാണ്?
8. പ്രസവിക്കുന്ന ആൺ വർഗ്ഗത്തിൽപ്പെട്ട ജീവി ഏത്?
9. എല്ലാ വർഷവും പുതിയ പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്ന രാജ്യം ?
10. കേന്ദ്ര കശുവണ്ടി ഗവേഷണ കേന്ദ്രം എവിടെ ?
11. ഇന്ത്യൻ ഒളിമ്പിക്സ് ടീമിനെആദ്യമായി നയിച്ച ഇന്ത്യൻ വനിത ?
12. നിരുപമ റാവുവിന് ശേഷം ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി ആയ വ്യക്തി?
13. ആദ്യമായി നെഹ്റു കപ്പ് ഫുട്ബോൾ നേടിയ രാജ്യം ഏത് ?
14. ഈയ്യിടെ നടന്ന ആറാമത് സാർക് ഉച്ചകോടി നടന്ന മാലിദ്വീപിലെ നഗരം ഏത് ?
15. മനുഷ്യ കമ്പ്യൂട്ടർ എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ്?
16. മലയാള സിനിമയിലെ ആദ്യത്തെ കളർ ചലച്ചിത്രം ഏതാണ്?
17. മഹാനായ സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ ജനിച്ച ഗ്രാമം ഏത് ?
18. പരിശുദ്ധ ഖുർആൻ ആദ്യമായി അച്ചടിച്ചത് ഏത് രാജ്യത്ത് വെച്ച്?
19. അബ്ദുൽ ലത്വീഫ് ജന്താലി എന്ന വ്യക്തി ഏത് പേരിലാണ് പ്രശസ്തനായത്?
20. 'ഇ' എന്ന ഇംഗ്ലീഷ് അക്ഷരം ഉപയോഗിക്കാത്ത ഇംഗ്ലീഷ് നോവൽ ഏതാണ്.?



മാസ്റ്റർ
അരിമ്പ്ര മുഹമ്മദ് അമീൻ
റിയാദ്

ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നമ്പർ ക്രമത്തിൽ അയക്കുക.

വിലാസം
vachanamkmcc@gmail.com
Fax: 01 4646116



പ്രമുഖ ആശുപത്രികളിൽ മാത്രം ലഭ്യമായിട്ടുള്ള ഹൈടെക് ലാബ് സൗകര്യം
ഇപ്പോൾ സഫാ മക്കയുടേയും പ്രത്യേകത.

ഇഖാമ-ബലദിയ മെഡിക്കലുകൾ ചുരുങ്ങിയ നിരക്കിൽ
24 മണിക്കൂറിനുള്ളിൽ ലഭ്യമാക്കുന്നു.

അന്വേഷണങ്ങൾക്ക് വിളിക്കുക: 0560447725, 0597748236

SMP

SAFA MAKKAH
Polyclinic & Family Clinic
Iqama Baladiya Medical Centre

Riyad, Batha, Tel: 4026111, 4036111, Fax: 2766253, email: safamakka@yahoo.com



തലവേദന

ബഷീർ ഒരു ഡ്രൈവറാകുന്നു. നല്ലത്പോലെ അധ്വാനിക്കുന്ന ചെറുപ്പക്കാരൻ. ഒരു ദിവസം വണ്ടി ഓടിച്ചു കൊണ്ടിരിക്കുമ്പോൾ, പെട്ടെന്ന് വലതു കണ്ണിന്റെ കാഴ്ച്ച മങ്ങുന്നത് പോലെ!. വണ്ടി ഹൈവേയുടെ വശത്ത് ഒതുക്കിയിട്ടു. അനങ്ങാതെയിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ ആ കണ്ണിൽ പ്രകാശം മിന്നുന്നത് പോലെ അയാൾക്ക് തോന്നി. അൽപം കൂടി കഴിഞ്ഞപ്പോൾ അത് മാറി കണ്ണിന്റെ കാഴ്ച്ച ശരിയായി. പക്ഷെ ആ വശത്ത് ചെറുതായി തലവേദന ആരംഭിക്കുകയും അതു ക്രമേണ വർദ്ധിച്ചു വരികയും ചെയ്തു. ബഷീർ ജീവിതത്തിൽ ഇത് വരെ അനുഭവിക്കാത്ത വേദനയാണ് അന്ന് അനുഭവിച്ചത്. ഏകദേശം അരമണിക്കൂറോളം ആ വേദനനിന്നു. അതിന് ശേഷം തുടരെ ഛർദ്ദിച്ചു. അതോടെ തലവേദനയുടെ ശക്തി കുറഞ്ഞു. സീറ്റിൽ ചാരി കുറച്ചു സമയം ഉറങ്ങി. ഉണർന്നപ്പോൾ നേരിയ വേദനയും തലക്ക് ഒരു ഭാരവും മാത്രമേ ബഷീറിന് തോന്നിയുള്ളൂ. അയാൾ വണ്ടി ഓടിച്ചുപോവുകയും ചെയ്തു. ഏകദേശം ഒന്നര മാസത്തിനു ശേഷവും പിന്നെ മാസത്തിൽ ഒന്ന് എന്ന കണക്കിൽ ഇപ്രകാരം തലവേദന വരികയും ചെയ്തു കൊണ്ടിരിക്കുമ്പോഴാണ് ബഷീർ എന്നെ വന്ന് കാണുന്നത്.

ബഷീറിന്റെ വിവരങ്ങളെല്ലാം ചോദിച്ചു മനസ്സിലാക്കി പ്രാഥമിക പരിശോധനയുടെയും തലച്ചോറിന്റെ പ്രവർത്തനത്തിന്റെ പരിശോധനയിലും യാതൊരു കുഴപ്പവും കണ്ടില്ല. ബഷീറിന് ഉണ്ടായത് കൊടിഞ്ഞി, ചെന്നിക്കുത്ത് എന്നൊക്കെ അറിയപ്പെടുന്ന Migraine എന്ന അസുഖമായിരുന്നു. (Vascular Headache) ഈ അസുഖത്തിനുള്ള മരുന്ന് കൃത്യമായി കഴിച്ചു. അതിന് ശേഷം അസുഖം ഉണ്ടായിട്ടുമില്ല.

മൈഗ്രേൻ ഏന്ന് പറയുന്ന തലവേദനയാണ് (Nascular Headache) 70 % തലവേദനയുടെയും കാരണം. ഇതു പലരൂപത്തിലും ഭാവത്തിലും വരും. ബഷീറിന് ഉണ്ടായത് പോലെ തലവേദനക്ക് മുമ്പുള്ള ലക്ഷണങ്ങൾ ഇല്ലാതെയും ഉണ്ടാകുന്ന മൈഗ്രേഷൻ ഉണ്ട്. ദിവസങ്ങളും ആഴ്ച്ചകളും നീണ്ടുനിൽക്കുന്ന മൈഗ്രേൻ ഉണ്ട്.

എല്ലാ വിഭാഗത്തിലും പെട്ട മൈഗ്രേൻ തലവേദനകൾക്ക് കാരണമാകുന്ന ചില കാര്യങ്ങൾ ഉണ്ട്. വെയിൽ കൊള്ളുക. ഉറക്കം വെടിയുക, മദ്യപിക്കുക, മാനസിക സംഘർഷങ്ങൾ ഉണ്ടാകുക ഇതൊക്കെ മൈഗ്രേൻ ആരംഭിക്കാൻ കാരണമാകുന്നു. ചില ഭക്ഷണ പദാർത്ഥങ്ങളും മൈഗ്രേന് കാരണമാകുന്നു.

ഇത്തരം തലവേദന ഏതു വിഭാഗത്തിൽ പെടുന്നു എന്ന് ആദ്യമായി മനസ്സിലാക്കി അതിനുള്ള മുരുന്നുകൾ കഴിക്കണം. ചിലതരം മൈഗ്രേഷൻ തലവേദനകൾക്ക് വർഷങ്ങൾ നീണ്ടുനിൽക്കുന്ന ചികിൽസ ആവശ്യമായി വന്നേക്കാം. ചിലതിൽ ആരംഭത്തിൽ സംഘർഷം കുറക്കാനുള്ള Relaecation Exercises മൈഗ്രേൻ ചികിൽസയിലെ ഒരു ഘടകമാണ്.

രണ്ടാമതായി തലവേദനയുടെ കാരണം പല്ല്, കണ്ണ്, ചെവി, ചെവിയുടെ മുമ്പിലുള്ള Joint എന്നീ അവയവങ്ങളുടെ അസുഖം മൂലമുണ്ടാകുന്ന തലവേദനയാണ്. ഇത് 5 ശതമാനത്തോളം വരും. തലവേദനയോടു കൂടി മൂക്കടപ്പും മൂക്കിൽ നിന്ന് വെള്ളവും വന്നാൽ സൈനസൈറ്റിസ് ആണ് എന്നു വിചാരിക്കുന്നു. എന്നാൽ അത് സൈനസൈറ്റിസ് ആകണമെന്നില്ല. മേൽ വിവരിച്ച Migraine Headache ന്റെ ഭാഗമായി മൂക്കടപ്പും മൂക്കിൽ നിന്ന് സ്രവവും ഉണ്ടാകാം. അത് കൊണ്ട് ഇപ്രകാരമുള്ള തലവേദനസൈനസിന്റെ പ്രശ്നമാണോ എന്നറിയാൻ കുറച്ചു പരിശോധനകൾ ആവശ്യമാണ്. X-Ray, C.T. Scan മുതലായവ ഉപയോഗിച്ച് രോഗനിർണ്ണയം സാധ്യമാണ്. മരുന്നുകൾ ഉപയോഗിച്ചോ ചിലപ്പോൾ ചെറിയ ശസ്ത്രക്രിയകൾ ചെയ്തോ സൈനസൈറ്റിസ് നിയന്ത്രണ വിധേയമാക്കാവുന്നതാണ്. പല്ല്, കണ്ണ്, ചെവി, എന്നിവയുടെ അസുഖം മൂലമുള്ള തലവേദനയ്ക്ക് അതാതിനുള്ള ചികിൽസ ആവശ്യമാണ്.

ചില തലവേദനകൾ വരാനിരിക്കുന്ന ചില അസുഖങ്ങളുടെ മുന്നോടിയായിരിക്കും. അണുബാധകൊണ്ടുള്ള അസുഖങ്ങൾക്ക് ആദ്യത്തെ രണ്ടോ മൂന്നോ ദിവസം തലവേദനമാത്രമായിരിക്കും ലക്ഷണം. പിന്നെ പനിയും മറ്റു രോഗ ലക്ഷണങ്ങളും വന്നു കഴിയുമ്പോഴാണ് നാം അത് ഏതുരോഗമാണ് മനസ്സിലാക്കുകയും അതിനുള്ള ചികിൽസ നൽകുകയും ചെയ്യുക.

ന്യൂറാൾജിയ എന്ന വിളിക്കുന്ന ചില തലവേദനകൾ ഉണ്ട്. ഇത് ഒരു ഞരമ്പിൽ കൂടി (Nerve) വരുന്ന വേദനയാണ്. Shock അടിക്കുന്ന പോലെയുള്ള വേദനയായിരിക്കും. സെക്കന്റുകൾ നീണ്ടു നിൽക്കുന്ന വേദനകളുടെ ഒരു പരമ്പരയായിരിക്കും ഉണ്ടാകുക. മുഖം കഴുകുക, ചവയ്ക്കുക, വിഴുങ്ങുക എന്നിവ കൊണ്ട് ഇത്തരം വേദനകൾ തുടങ്ങാം. ഇത്തരം വേദനകളും മരുന്ന് ചെറിയ ശസ്ത്രക്രിയ എന്നിവ കൊണ്ട് നിയന്ത്രിക്കാവുന്നതാണ്.

ചെറിയ തലവേദന വന്നാൽ പോലും ട്യൂമറാണോ, ക്യാൻസറാണോ എന്നൊക്കെ ചിന്തിച്ച് മനസ്സ് പുണ്ണാക്കി വരുന്ന ആൾക്കാർ ഉണ്ട്. എന്നാൽ തലവേദനയുടെ 5% മാത്രമേ ഇത്തരം കാരണങ്ങൾ കൊണ്ട് വരാറുള്ളൂ. Tumour തലച്ചോറിൽ പഴുപ്പ്, രക്ത സ്രാവം തലച്ചോറിന്റെ ഉള്ളിലെ ദ്രാവകത്തിന്റെ മർദ്ദം കൂടുക, എന്നീ കാരണങ്ങളാൽ ഇത്തരം തലവേദനകൾ ഉണ്ടാകാം. ഇന്നുള്ള രോഗനിർണ്ണയ ഉപാധികൾ വെച്ച് എളുപ്പത്തിൽ കണ്ടുപിടിക്കാവുന്നതാണ്. ഇത്തരം തലവേദനകൾക്കുള്ള മൂല കാരണങ്ങൾക്ക് വിദഗ്ധ ചികിൽസ ഇന്നു ലഭ്യമാണ്.

മനുഷ്യരാശിയുടെ 40% പേരും എപ്പോഴെങ്കിലും തലവേദന അനുഭവപ്പെട്ടിട്ടുള്ളവർ ആണ്. തലവേദനയെപറ്റിയോർത്ത് വ്യസനിക്കാതെ, ഒരു ഡോക്ടറെ സമീപിച്ച് രോഗ നിർണ്ണയം നടത്തി വേണ്ട ചികിൽസ ചെയ്താൽ ഏതു തലവേദനയെയും നമുക്ക് മെരുക്കിയെടുക്കാവുന്നതേയുള്ളൂ.

ഡോ. തോമസ്. ജെ. കൂട്ടുങ്കൻ
M.B.B.S, MS, (ENT) DLO
Const. ENT Surgeon
Safa Makkah Poly Clinic
റിയാദ്-ബത്ഹ

Poem



Ameen Chemben
Riyadh

Life as Music...

life,
It is a music,
with low and high pitch
without the two-
No rhythm, no sweetness

Life's
Beginning and ending
Voiced by sharp and joy
One by Oneself
Another by Others

Always,
Life never be...
As smooth as feather
It never be..
As rough as rocks

We Don't be so gloomy..
When life is dark
Dont' be so happy
When life is bright

Cowards,
Face both times...
Nervously Foolishly
Use one without Planning
Find coir as solution for another

Brilliants,
Face both times....
cleverly intelligently
Make use one...
Adjust with another. ●

കവിത

സബീന എം.സാലി,
അൽഖർജ്

നിധിപോലെ.... നിലാവുപോലെ.... തങ്ങൾ

കൊടപ്പനക്കൽ ഗേഹത്തിൽ പിന്നാമ്പുറത്തൊരു
തിരയുടെ തേങ്ങലായലയടിച്ചുയരുന്നു
വിതുമ്പുകയാണ് കടലുണ്ടിപ്പുഴയ്ക്കൊപ്പം
വിദൂര ദിക്കിലായി നൈൽ നദിയിലെയോളങ്ങൾ പോലും
ഹൃദയ താപത്താൽ കണ്ണുചിമ്മിയങ്ങു ദൂരെ,
ആകാശച്ചെരുവിലെ കുഞ്ഞു നക്ഷത്രങ്ങൾ
നിലാവുതിർക്കാതെ നിരർത്ഥകമായ്
ചന്ദ്രിക മാനത്തു മറഞ്ഞുനിന്നു
പൊയ്തൊഴിഞ്ഞ മഴപോലെ വേദനയുടെയുറകളിൽ
പിൻവിളി പോലൊരു തേങ്ങലായ് പ്രകൃതിയും...
സ്നേഹത്തിന്റെ നറുനിലാവസ്തമിച്ചിരിക്കുന്നു.
പ്രവാചകന്റെ പിൻതലമുറയ്ക്കൊപ്പം സുകൃതവാനായ്
പൂർവ്വ സൂരികളുടെ ജീവിതസപര്യക്ക് സാക്ഷിയായവൻ
യുഗ പുരുഷനാം മുഹമ്മദാലി ശിഹാബ് തങ്ങൾ
വിനയത്തിന്റെ നിറകുടമായ്, ആർദ്രതയുടെ പൊയ്കയായ്
അശരണർക്കാശ്രയമായ് സങ്കടം വാങ്ങി സാന്ത്വനമേകി
ദുഃഖങ്ങളിറക്കി വയ്ക്കനൊരത്താണിയായ്
ന്യായാധിപനായ് ആശയുമഭയവുമേകിയവൻ
മുൻവിധികളില്ലാത്ത തീർപ്പുകളാൽ ചിരിനിലാവുതിർത്ത്
ഇരമ്പുന്ന കടലിനെയും ശാന്തനാക്കിയവൻ
ധാർമ്മിക മൂല്യങ്ങളാകും സ്വഭാവ സൗരഭ്യത്താൽ
നേരിന്റെ ദിക്കിൽ പ്രഭചൊരിഞ്ഞെന്നും ചരിത്രത്തെ-
കൂടെ നടത്തിച്ചു, ലീഗിന്റെ ഹൃദയമാം തങ്ങളെന്നും
ഉരുക്കഴിച്ച മന്ത്രങ്ങളിലൊക്കെയുമാത്മീയ
ചൈതന്യം പകർന്നൊരു യോഗിവര്യൻ
വിശ്വാസത്തിന്റെ താഴികക്കുടങ്ങൾ തകർത്തവരും
ക്ഷേത്രഗോപുരങ്ങളിലഗ്നിയാളിച്ചവരും
വർഗ്ഗീയ വിഷവിത്തുകൾ വാരിവിതച്ചനേരം
തിന്മയെ നന്മയാൽ വിമലീകരിച്ചു തങ്ങൾ
സമൂഹത്തിൽ ശാന്തിപരത്തീടുവാൻ
മത സൗഹാർദ്ദത്തിന്റെ യസർമുല്ലകൾ വിരിയിച്ചവൻ
കൈനീട്ടിയവരോടൊരിക്കലും ജാതി ചോദിച്ചില്ല
മതത്തിന്റെ വിഭാഗീയത തിരഞ്ഞില്ല തങ്ങൾ
വിശക്കുന്നവന്റെ വിളിയുടെ പൊരുൾ മാത്രമറിഞ്ഞു
കൊട്ടിയടച്ചില്ലൊരിക്കലും പാണക്കാടു തറവാടു മുറ്റം
മതവും സമൂഹവും സംസ്കാരവും തങ്ങളിൽ
കവിതയായ് ഗസലിന്റെ ഗീതിയായ് പരിലസിച്ചു.
യജ്ഞതീർത്ഥത്തിലെ വിശുദ്ധിയും ലാളിത്യവും
താഴ്മയും ഭക്തിയും സമജ്ഞസമായ് ചേർന്നൊരു
സമർപ്പിത മനസ്സിന്റെ കനിവൂറും പ്രാർത്ഥനകൾ
ലൗകിക ജീവിതത്തിനഗ്നി ശാഖകളായ്
സത്യം വിതച്ചു സമത്വം കൊയ്തു ജനങ്ങളിൽ
സാമൂഹിക വിപ്ലവത്തിന്റെ കാവൽപോരാളിയാം തങ്ങൾ
കാലത്തിന്റെ മറുതീരത്തേക്ക് പ്രയാണം ചെയ്യുമ്പോൾ
അശ്രുവാർന്ന മിഴികളോടെ ഗദ്ഗദകണ്ഠരായ്
ആർത്തരായനുയായി വൃന്ദങ്ങളെമ്പാടും
വക്കുടഞ്ഞ പ്രതീക്ഷകൾ പോലനാഥമായ്
പൂമുഖത്തളത്തിലെ കസേരയും മേശയും
നിലച്ചു പോയ് മുറ്റത്തെ മൃദുവാർന്ന പദനിസ്വനവും
കാലമാം മഹാനദിയിനിയുമൊഴുകും
യുഗങ്ങളുടെ ജൈത്രയാത്രയിനിയും തുടരും
എങ്കിലും
സ്വർഗ്ഗീയ ഹൗളിൻ തീരത്തെ പൂമരമായ്
ഓർമ്മ ചെപ്പിലെ തിളങ്ങുന്നൊരു താരകമായ്
നിധിപോലെ നിലാവു പോലെ ജന്മ ജന്മാന്തരങ്ങളിൽ
തങ്ങളെന്നും ജീവിക്കും ജനപഥങ്ങളിൽ. ●



വചനം ഇ-മാഗസിനിലേക്ക് സൃഷ്ടികളും അഭിപ്രായങ്ങളും ക്ഷണിക്കുന്നു

vachanamkmcc@gmail.com
Fax: 01 4646116

വചനം ഇ.മാഗസിൻ പ്രതീക്ഷിച്ചതിലധികം ഭംഗിയായിട്ടുണ്ട്. സംഘടനാ പ്രചാരണ രംഗത്ത് ഈ നൂതന സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഫൈസൽ പൈക്കാരത്തൊടി,
ജിദ്ദ, സൗദി അറേബ്യ

റിയാദ് മലപ്പുറം ജില്ലാ കെ.എം.സി.സി. പുറത്തിറക്കുന്ന ഇ മാഗസിൻ ലഭിച്ചു. ഇതിന്റെ അണിയറ ശില്പികൾക്ക് ഒരായിരം ആശംസകൾ

റസാക്ക് കൊടക്കാട് റിയാദ്
പ്രസിഡണ്ട് വള്ളിക്കുന്ന് മണ്ഡലം
കെ. എം. സി. സി.

വചനം കണ്ടു, കൊള്ളാം... നന്നായിട്ടുണ്ട് സന്തോഷം. എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

റസാക്ക് കിണാശ്ശേരി.
റിയാദ് കെ. എസ്. എ.

വചനം ഇ-മാഗസിൻ ലഭിച്ചു. നിറഞ്ഞ നന്ദി അറിയിക്കുന്നു.

അബ്ബുള്ള ബുഖാരി,
00919746767376

എനിക്ക് വചനം ലഭിച്ചു. എല്ലാ മാസവും അയച്ചു തരണമെന്ന് അപേക്ഷിക്കുന്നു.

ഫിറോസ് ബാബു ദുബൈ
firosponnoos@gmail.com

How excited to know that Riyadh KMCC Publishes a new - magazine named 'Vachanam' Hope, the magazine would reflect the view and imagination of the expatriate community. Congrates and all the best

Rasheed Beemanad, Principal,
Huda Al Noor Interantiona School
Al Asha, Saudi Arabia, Mob: +966-0509112174



റിയാദ് കെ.എം.സി.സി മലപ്പുറം ജില്ലാ കമ്മറ്റി സംഘടിപ്പിച്ച 'വിഷൻ 2020' കാമ്പയിൻ അഡ്വ: കെ.എൻ.എ. ഖാദർ എം.എൽ.എ. ഉദ്ഘാടനം നിർവ്വഹിക്കുന്നു.



റിയാദ് മലപ്പുറം ജില്ലാ കെ.എം.സി.സി. പുറത്തിറക്കുന്ന വചനം ഇ-മാഗസിന്റെ ആദ്യലക്കം റിയാദ് ക്ലാസിക് ഓഡിറ്റോറിയത്തിൽവെച്ച് നടന്ന ചടങ്ങിൽ മലയാളം ന്യൂസ് ചീഫ് റിപ്പോർട്ടർ കെ.യു. ഇബ്ബാൽ ഉദ്ഘാടനം ചെയ്യുന്നു.



ഫാരിഷാ ഫാസി കെ., പരതക്കാട്, STD-9,
(EMEAHS കൊണ്ടോട്ടി)



റിയാദ് മങ്കട മണ്ഡലം കെ.എം.സി.സി. പുറത്തിറക്കിയ "ലീഗ് 20 ട്വന്റി" രാഷ്ട്രീയ ഗാന വീഡിയോ ആൽബം